01
2026
ആഗസ്റ്റ്
ശനി
കർക്കിടകം 16

NAUTICAL TIMES
KERALA
The National Daily in Malayalam / English
# നോട്ടിക്കൽ ടൈംസ് കേരള
e-mail: nauticaltimeskerala@gmail.com
RNI.Reg.No.KERBIL/2018/77391

തിരുവനന്തപുരം Thiruvananthapuram web: www. nauticaltimesmedia.com Volume-7, Issue No. 152 Page 4, Price: Rs. 2 പുസ്തകം-7 ലക്കം-152 പേജ് 4. വില 2.00 രൂപ




02 ഓപ്പറേഷൻ തൂഫാൻ: പൂജപ്പുര,കണ്ണൂർ ജയിലുകളിൽ നിന്ന് കഞ്ചാവ് പൊതികൾ കണ്ടെത്തി
03 ഹിമാചൽപ്രദേശിനെ വീഴ്ത്തി; സീഷെം ട്രോഫി കിരീടം കേരളത്തിന്
04 ബിജെപിക്ക് തിരിച്ചടി; ഷെഹ്സാദ് പൂനെവാല പാർട്ടിവിട്ടു

# കടലിൽ ഇറങ്ങാൻ തയാറായി 2000 ബോട്ടുകൾ



ചവറ: ട്രോളിംഗ് നിരോധനം ഇന്ന് അർധരാത്രിയോടെ അവസാനിക്കുന്നതോടെ കടലിൽ ഇറങ്ങാൻ തയാറായി രണ്ടായിരത്തോ ളം ബോട്ടുകൾ. ഏറെ പ്രതീക്ഷകൾ അർപ്പിച്ചാണ് ബോട്ടുകൾ കടലിലേക്ക് പോകുന്നത്.

ഇന്ന് രാത്രി 12 ന് ജില്ലാ ഭരണകൂടം, ഫിഷറീസ്, കോസ്റ്റൽ, മറൈൻ എൻഫോഴ്സ്മെൻറ് എന്നിവരുടെ നേതൃത്വത്തിലുള്ള സംഘം നീണ്ടകര പാലത്തിന് താഴെ കുറുകെ കെട്ടിയിട്ടുള്ള ചങ്ങല നീക്കും. തുടർന്ന് ബോട്ടുകൾ കടലിലേക്ക് മത്സ്യബന്ധനത്തിനായി പോയി തുടങ്ങും. ശക്തികുളങ്ങര, നീണ്ടകര, അഴീക്കൽ ഹാർബറുകളിൽ നിന്നായി രണ്ടായിരത്തോളം ബോട്ടുകളാണ് ട്രോളിംഗ് നിരോധനം തീരുന്നതോടെ ചാകര തേടി കടലിൽ പോകാൻ തയാറെടുത്ത് നിൽക്കുന്നത്.

ജൂൺ, ജൂലൈ മാസങ്ങളിൽ ട്രോളറുകൾക്ക് നിരോധനമാണെങ്കിലും യന്ത്രവത്കൃത കൊല്ലി വള്ളങ്ങൾക്ക് യഥേഷ്ടം മീൻപിടിക്കാനുള്ള അനുമതിയുണ്ട്. വലകൾ ഉപയോഗിച്ച് അരിച്ചു വാരുന്ന ചെറുമത്സ്യങ്ങളെ തമിഴ്നാട് ഉൾപ്പെടെയുള്ള സംസ്ഥാനങ്ങളിലെ വളം നിർമാണ കേന്ദ്രങ്ങളിലേക്ക് കയറ്റി അയക്കുന്ന സംഘങ്ങളും സജീവമായി രംഗത്തുണ്ട്. ചെറുമത്സ്യങ്ങൾക്കും വലിയ വില നൽകാൻ വളം ഫാക്ടറി ഉടമകൾ തയാറായതും അരിച്ചുവാരുകാർക്ക് അനുഗ്രഹമായി. ഇതിനെതിരെ കാര്യമായ ഇടപെടൽ അധികൃതർ നടത്തിയില്ലെങ്കിൽ വരും വർഷങ്ങളിലും മീനില്ലാതാകുമെന്ന് പരമ്പരാഗതക്കാർ പറയുന്നു. കർണാടക, ഗോവ, ആന്ധ്ര ഉൾപ്പെടെയുള്ള സംസ്ഥാനങ്ങളിലും ട്രോളിംഗ് നിരോധനം അവസാനിച്ചു. ഇവിടങ്ങളിലും ലൈറ്റ് ഫിഷിംഗ് തുടങ്ങുന്നതോടെ കേരള തീരത്തേക്കുള്ള മീനുകളുടെ കൂട്ടമായ വരവിനും വിരാമമാകും.

കേരളത്തിന് പുറത്തുള്ള തൊഴിലാളികളും തിരികെ ബോട്ട് യാടുകളിലും ഹാർബറുകളിലും എത്തിയിട്ടുണ്ട്. ഏകദേശം 10000 ത്തോളം മത്സ്യത്തൊഴിലാളികളും അനുബന്ധ തൊഴിലാളികളുമാണ് നീണ്ടകര, ശക്തികുളങ്ങര ഹാർബറുകൾ കേന്ദ്രീകരിച്ച് ജോലി ചെയ്യുന്നത്. കഴിഞ്ഞ ദിവസം മുതൽ ബോട്ടുകളിൽ ഇന്ധനം നിറയ്ക്കാനുള്ള സൗകര്യങ്ങൾ ഡീസൽ പമ്പുകൾക്ക് അധികൃതർ ഏർപ്പെടുത്തി നൽകിയിരുന്നു. നീണ്ടകര, ശക്തികുളങ്ങര കേന്ദ്രീകരിച്ചുള്ള ഐസ് പ്ലാൻറുകളുടെ പ്രവർത്തനവും ദിവസങ്ങൾക്ക് മുമ്പുതന്നെ തുടങ്ങി. ഒരു ദിവസത്തെ പണിക്കും ഒരാഴ്ചത്തെ പണിക്കും പോകുന്ന ബോട്ടുകൾ ഇന്ന് തന്നെ കടലിൽ പോയി തുടങ്ങും. ലേലക്കാർ, ചുമട്ടുകാർ, മത്സ്യ വില്പനക്കാർ, ഏജന്റ് മാർ എന്നിവരെക്കൊണ്ട് നാളെ മുതൽ ഹാർബറുകൾ നിറയും. ട്രോളിംഗ് നിരോധനം ഉണ്ടായിരുന്നുവെങ്കിലും നീണ്ടകര ഹാർബറിൽ ഈ കാലയളവിൽ പരമ്പരാഗത വള്ളങ്ങൾ കൊണ്ടുവന്ന മത്സ്യം വിപണനം നടത്തിയിരുന്നു.

## കടലിൽപ്പെട്ട മത്സ്യത്തൊഴിലാളിയെ കണ്ടെത്തിയില്ല

കൊല്ലം : തങ്കശേരിയിൽ മീൻപിടിത്തവള്ളം മുങ്ങി കാണാതായ മത്സ്യതൊഴിലാളിയെ കണ്ടെത്തിയില്ല. മുണ്ടയ്ക്കൽ സ്വദേശി റോയിസണി(40)നെയാണ് കാണാതായത്. മറൈൻ എൻഫോഴ്സ്മെൻറ് റെസ്ക്യൂ ടീമും വിഴിഞ്ഞത്തുനിന്ന് കോസ്റ്റ് ഗാർഡിൻറെ ചെറുകപ്പലും കോസ്റ്റൽ പോലീസും ചാമക്കടയിൽനിന്നുള്ള അഗ്നിരക്ഷാസേനാംഗങ്ങളും സ്കൂബ ടീമംഗങ്ങളും ഇന്നലെയും തെരച്ചിൽ നടത്തി. ബുധനാഴ്ച രാവിലെ 6.45ന് തങ്കശേരി പുലിമുട്ടിനുസമീപമാണ് അപകടമുണ്ടായത്.

വള്ളത്തിലുണ്ടായിരുന്ന മുണ്ടയ്ക്കൽ കളീക്കൽ കടപ്പുറം ഹർഷഭവനിൽ സിറിൽ (68) പരിക്കുകളോടെ രക്ഷപ്പെട്ടു. ഇയാൾ ജില്ലാ ആശുപത്രിയിൽ ചികിത്സതേടി.

ബുധനാഴ്ച പുലർച്ചെയാണ് റോയിസണും സിറിലും അത്ഭുതമാതാവ് എന്ന വള്ളത്തിൽ തങ്കശേരി ലൈറ്റ്ഹൗസിനു സമീപം മീൻപിടിക്കാനായി എത്തിയത്. വലയെറിയുന്നതിനിടെ ശക്തമായ തിരയിൽപ്പെട്ട് വള്ളം മറിയുകയായിരുന്നു.

കടലിൽ അകപ്പെട്ട ഇരുവരും മറ്റ് വള്ളക്കാരുടെ ശ്രദ്ധയാകർഷിക്കാനായി ഉറക്കെ നിലവിളിച്ചു.

മത്സ്യത്തൊഴിലാളികൾ മുങ്ങിത്താഴുന്നത് പുലിമുട്ടിൽ പ്രഭാതസവാരിക്കെത്തിയ തങ്കശേരി ബ്രേക്ക് വാട്ടർ വാക്കേഴ്സ് അസോസിയേഷൻ ഭാരവാഹികളുടെ ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് ഇവർ കോസ്റ്റൽ പോലീസിനെയും മറൈൻ എൻഫോഴ്സ്മെൻറിനെയും വിവരമറിയിക്കുകയായിരുന്നു. മറ്റ് വള്ളക്കാരും ഉടൻ സ്ഥലത്തെത്തി സിറിലിനെ രക്ഷപ്പെടുത്തി കരയ്ക്കെത്തിച്ചു. എന്നാൽ, വലയിൽ കാൽ കുടുങ്ങിപ്പോയ റോയിസൺ മുങ്ങിപ്പോവുകയായിരുന്നു.

## നീറ്റ് പ്രതിഷേധം: സംസ്ഥാനത്ത് രജിസ്റ്റർ ചെയ്ത കേസുകൾ പിൻവലിക്കുമെന്ന് ആഭ്യന്തരമന്ത്രി

തിരുവനന്തപുരം: ഡൽഹിയിലെ നീറ്റ് സമരത്തിന് ഐക്യദാർഢ്യം പ്രഖ്യാപിച്ച് സംസ്ഥാനത്ത് നടന്ന പ്രതിഷേധങ്ങളിൽ രജിസ്റ്റർ ചെയ്ത കേസുകൾ പിൻവലിക്കുമെന്ന് ആഭ്യന്തരമന്ത്രി രമേശ് ചെന്നിത്തല. എത്ര കേസുകൾ ഉണ്ടെങ്കിലും പിൻവലിക്കുമെന്നും ഇതിനായി ഡിജിപിക്ക് നിർദേശം നൽകിയെന്നും മന്ത്രി അറിയിച്ചു.

പ്രതിപക്ഷ നേതാവ് പിണറായി വിജയൻ ഉൾപ്പെടെ നൽകിയ പരാതികൾ കണക്കിലെടുത്താണ് ആഭ്യന്തര വകുപ്പിന്റെ തീരുമാനം. കേസുകൾ പിൻവലിക്കാൻ പ്രതിപക്ഷ നേതാവ് ആവശ്യപ്പെട്ടിരുന്നുവെന്നും മുഖ്യമന്ത്രിക്ക് പ്രതിപക്ഷ നേതാവ് നൽകിയ കത്ത് ആഭ്യന്തര വകുപ്പിന് കൈമാറിയിരുന്നുവെന്നും ചെന്നിത്തല പറഞ്ഞു.

ഓപ്പറേഷൻ തൂഫാൻറെ ഭാഗമായി ജയിലുകളിൽ നടക്കുന്ന പരിശോധനയെക്കുറിച്ചും ആഭ്യന്തര മന്ത്രി പ്രതികരിച്ചു. ജയിലുകളിൽ പുലർച്ചെ മുതൽ പരിശോധന നടന്നുകൊണ്ടിരിക്കുകയാണെന്നും മന്ത്രി അറിയിച്ചു. ജയിലുകളിൽ വ്യാപകമായി കഞ്ചാവ് ഉപയോഗിക്കുന്നുവെന്ന വിവരത്തിൻറെ അടിസ്ഥാനത്തിലാണ് നടപടി. ജയിൽ, പോലീസ് സംയുക്ത പരിശോധനയാണ് നടക്കുന്നതെന്നും മന്ത്രി വ്യക്തമാക്കി.

## മുത്തങ്ങ സമരം; ഗീതാനന്ദൻ ഉൾപ്പടെ 56 പേരെ വെറുതെവിട്ടു



വയനാട്: മുത്തങ്ങ ഭൂസമരത്തിനിടെ പൊലീസ് ഹെഡ് കോൺസ്റ്റബിൾ കെ വി വിനോദ് കൊല്ലപ്പെട്ട കേസിൽ ആദിവാസി ഗോത്ര മഹാസഭാ നേതാവ് ഗീതാനന്ദൻ ഉൾപ്പെടെ 56 പ്രതികളെയും വെറുതെവിട്ടു. കുറ്റക്കാരനെന്ന് കോടതി കണ്ടെത്തിയ രണ്ടാം പ്രതി അശോകൻ നേരത്തെ മരിച്ചു. അശോകൻ ആണ് വിനോദിനെ അവസാനം വെട്ടിയതെന്നും ഇതാണ് മരണകാരണമെന്നും കോടതി കണ്ടെത്തുകയായിരുന്നു. പ്രതി മരിച്ചതിനാൽ ശിക്ഷ വിധിക്കുന്നില്ലെന്നും കോടതി വ്യക്തമാക്കി.

ഈ കേസിൽ മറ്റുപ്രതികളുടെ കുറ്റം തെളിയിക്കാൻ പ്രോസിക്യൂഷന് കഴിഞ്ഞില്ലെന്നും വിനോദ് വധത്തിൽ ഗൂഢാലോചന തെളിയിക്കാനായില്ലെന്നും കോടതി കൂട്ടിച്ചേർത്തു. വയനാട് ജില്ല പ്രിൻസിപ്പൽ സെഷൻസ് കോടതിയാണ് 23 വർഷം നീണ്ട കേസിൽ വിധി പറഞ്ഞത്. 57 പ്രതികളുണ്ടായിരുന്ന കേസിൽ ജീവിച്ചിരിക്കുന്ന 39 പ്രതികളും കോടതിയിൽ ഹാജരായിരുന്നു. പ്രതികളിൽ 15 പേർ നേരത്തെ മരിച്ചു.അതേ സമയം, പൊലീസുകാരൻ അബ്ദുൾ സലാം വധശ്രമക്കേസിലും ശശിധരൻ എന്ന വനം വകുപ്പ് ഉദ്യോഗസ്ഥനെ മാരകമായി പരിക്കേല്പിച്ച കേസിലും ഗീതാനന്ദൻ ഉൾപ്പെടെ നാല് പ്രതികളും കുറ്റക്കാരാണെന്ന് കോടതി കണ്ടെത്തി. പ്രതികൾക്ക് അഞ്ച് വർഷം കഠിന തടവും 10000 രൂപ പിഴയും കോടതി വിധിച്ചു. കൂടാതെ,? മുത്തങ്ങ സമരത്തിനിടെ കൊല്ലപ്പെട്ട വിനോദിന്റെ കുടുംബത്തിന് ഏഴ് ലക്ഷം രൂപയും പരിക്കേറ്റ സലാമിന് മൂന്ന് ലക്ഷവും ശശിധരന് രണ്ട് ലക്ഷം രൂപയും നഷ്ടപരിഹാരം നൽകാനും കോടതി ഉത്തരവിട്ടു.2003 ഫെബ്രുവരി 19ന് ആദിവാസി ഗോത്രമഹാസഭയുടെ നേതൃത്വത്തിൽ മുത്തങ്ങയിൽ ഭൂസമരം നടത്തിയവരെ ഒഴിപ്പിക്കാനുള്ള പൊലീസ് നടപടി സംഘർഷത്തിൽ കലാശിക്കുകയായിരുന്നു. സംഘർഷത്തിനെത്തുടർന്ന് കണ്ണൂർ കെഎപി നാലാം ബറ്റാലിയനിൽ കോൺസ്റ്റബിൾ ആയിരുന്ന കെ വി വിനോദ് കൊല്ലപ്പെട്ടു. വിനോദ് ക്രൂരമായ മർദനത്തിനിരയായി ചോരവാർന്നാണ് മരിച്ചത്. ഇതിനുപുറമേ പൊലീസ് നടത്തിയ വെടിവയ്പിൽ ജോഗി എന്ന ആദിവാസി യുവാവും കൊല്ലപ്പെട്ടിരുന്നു. സംഘർഷത്തിൽ നിരവധി പൊലീസുകാർക്കും സമരക്കാർക്കും പരിക്കേറ്റിരുന്നു.എ കെ ആന്റണി സർക്കാരിന്റെ കാലത്താണ് കേസിനാസ്പദമായ സംഭവം നടന്നത്. വയനാട് മുത്തങ്ങ വന്യജീവി സങ്കേതത്തിൽ സി കെ ജാനു, എം ഗീതാനന്ദൻ എന്നിവരുടെ നേതൃത്വത്തിൽ ആദിവാസികൾ കുടിൽകെട്ടി നടത്തിയ അവകാശ സമരമാണ് കലാപത്തിൽ കലാശിച്ചത്.

### നീണ്ടകരയിൽ വള്ളം മറിഞ്ഞ് ഒരാൾ മരിച്ചു

കൊല്ലം: നീണ്ടകര!യിൽ വള്ളം മറിഞ്ഞുണ്ടായ അപകടത്തിൽ ഒരാൾ മരിച്ചു. പുലിമുട്ടിന് സമീപത്താണ് അപകടമുണ്ടായത്.

രാജീവൻ എന്നയാളാണ് മരിച്ചത്. രണ്ട് പേരെ കാണാനില്ല. വള്ളത്തിൽ 14 പേരാണ് ഉണ്ടായിരുന്നത്.

### ശബരിമലയിലെ നെയ്യ് ക്രമക്കേട്; ക്രൈം ബ്രാഞ്ച് അന്വേഷണം വേണമെന്ന് ദേവസ്വം

തിരുവനന്തപുരം: ശബരിമലയിലെ നെയ്യ് വിതരണവുമായി ബന്ധപ്പെട്ട ക്രമക്കേടുകളിൽ ക്രൈംബ്രാഞ്ച് അന്വേഷണം നടത്തണമെന്ന് ദേവസ്വം സെക്രട്ടറിയുടെ റിപ്പോർട്ട്. നെയ്യിൽ കൃത്രിമം നടന്നിട്ടുള്ളത് എവിടെയാണെന്ന് ഇതുവരെ കണ്ടെത്താൻ കഴിഞ്ഞിട്ടില്ലെന്ന് റിപ്പോർട്ടിൽ വ്യക്തമാക്കുന്നു. സന്നിധാനത്തേക്ക് ആവശ്യമായ നെയ്യ് മിൽമയുടെ പാക്കറ്റുകളിലാണ് ശബരിമലയിൽ എത്തിച്ചിരുന്നത്. പമ്പയിലെ ലാബിൽ ഇതിന്റെ പരിശോധനകളും നടത്തിയിരുന്നു. എങ്കിലും നെയ്യ് കൊണ്ടുപോകുന്ന വഴികളിലോ അതോ പമ്പയിൽ വച്ചോ പാക്കറ്റുകൾ മാറ്റിയിരിക്കാൻ സാധ്യതയുണ്ടെന്നാണ് വിലയിരുത്തൽ. ഈ സാഹചര്യങ്ങൾ മുൻനിർത്തിയാണ് സംഭവത്തിൽ സമഗ്രമായ ക്രൈംബ്രാഞ്ച് അന്വേഷണം വേണമെന്ന് ദേവസ്വം സെക്രട്ടറി ആവശ്യപ്പെട്ടിരിക്കുന്നത്.

### വെമ്പായം ബാറിലെ സംഘർഷം;പൊള്ളലേറ്റ മൂന്നാമത്തെ ആളും മരിച്ചു

തിരുവനന്തപുരം: വെമ്പായം ബാറിൽ മദ്യപസംഘങ്ങൾ തമ്മിലുള്ള തർക്കത്തിനിടെ പെട്രോളൊഴിച്ച് തീ കൊളുത്തിയ സംഭവത്തിൽ മൂന്നാമത്തെ ആളും മരിച്ചു. പൊള്ളലേറ്റ് ചികിത്സയിലായിരുന്ന തേക്കട സ്വദേശി നൗഫൽ ആണ് മരിച്ചത്.

ഇതോടെ സംഭവവുമായി ബന്ധപ്പെട്ടുള്ള മരണം നാലായി.

### ഭിവണ്ടിയിൽ കെട്ടിടം തകർന്ന് വീണുണ്ടായ അപകടം; മരണം ഒമ്പതായി

മുംബൈ: മഹാരാഷ്ട്രയിലെ ഭിവണ്ടിയിൽ നാലുനില കെട്ടിടം തകർന്നുവീണുണ്ടായ അപകടത്തിൽ മരിച്ചവരുടെ എണ്ണം ഒമ്പതായി. കെട്ടിടാവശിഷ്ടങ്ങൾക്കിടയിൽ കുടുങ്ങിക്കിടക്കുന്നവർക്കായുള്ള രക്ഷാപ്രവർത്തനം തുടരുകയാണ്.

വ്യാഴാഴ്ച രാത്രി 11:30 ഓടെയാണ് ബാലാജി നഗർ പ്രദേശത്തെ കോഹിനൂർ കെട്ടിടത്തിൻറെ ഒരു ഭാഗം തകർന്നുവീണത്. ഭീവണ്ടിനിസാമ്പൂർ മുനിസിപ്പൽ കോർപ്പറേഷൻ നേരത്തെ തന്നെ അപകടാവസ്ഥയിലായതായി പ്രഖ്യാപിച്ചിരുന്ന കെട്ടിടമാണിത്. സുരക്ഷിതമല്ലെന്ന് കണ്ടെത്തിയിട്ടും കെട്ടിടത്തിൽ അറ്റകുറ്റപ്പണികൾ നടത്തിവരുന്നതിനിടയിലാണ് അപകടമുണ്ടായത്. ആകെ 48 മുറികളുള്ള ഈ കെട്ടിടത്തിൻറെ ഓരോ നിലയിലും 12 മുറികൾ വീതമാണ് ഉണ്ടായിരുന്നത്. കെട്ടിടം തകരുന്നതിന് തൊട്ടുമുമ്പ് കെട്ടിടത്തിൽ നിന്ന് വലിയ ശബ്ദങ്ങൾ കേട്ടിരുന്നു. ഇത് ശ്രദ്ധയിൽപ്പെട്ട നാട്ടുകാർ ഉടൻ തന്നെ നിരവധി കുടുംബങ്ങളെ ഒഴിപ്പിച്ചത് വലിയൊരു ദുരന്തം ഒഴിവാക്കി. എങ്കിലും, കെട്ടിടത്തിൽ നിന്നും പുറത്തിറങ്ങാൻ ശ്രമിക്കുന്നതിനിടയിൽ ചിലർ അവശിഷ്ടങ്ങൾക്കിടയിൽ കുടുങ്ങിപ്പോവുകയായിരുന്നു. സംഭവസ്ഥലത്ത് രക്ഷാപ്രവർത്തനങ്ങൾ തുടരുകയാണ്.

## സുഗതൻറെ അവധി അപേക്ഷ പാസാക്കാൻ ബിജെപി

തിരുവനന്തപുരം: കാപ്പ കേസിൽ ജയിലിലായ ബിജെപി കൗൺസിലർ സുഗതന് അയോഗ്യത ഭീഷണി നിലനിൽക്കേ, തിരുവനന്തപുരം കോർപ്പറേഷൻ നിർണായക കൗൺസിൽ യോഗം ഇന്ന്. ഇന്നും യോഗത്തിന് എത്തിയില്ലെങ്കിൽ, സുഗതൻ തുടർച്ചയായി പങ്കെടുക്കാത്ത മൂന്നാമത്തെ കൗൺസിൽ യോഗമാകും ഇത്. അങ്ങനെയെങ്കിൽ അയോഗ്യത നടപടിയുണ്ടാകും. ഇത് ഒഴിവാക്കാൻ, സുഗതൻറെ അവധി അപേക്ഷ പാസാക്കാനാണ് ബിജെപി നീക്കം. അവധി അപേക്ഷയേ ശക്തമായി എതിർക്കാനാണ് പ്രതിപക്ഷ തീരുമാനം. ഒരു ഭീഷണിയും ഇല്ലെന്നും അവധി അപേക്ഷ നൽകിയാൽ പരിഗണിക്കും എന്നുമാണ് വി വി രാജേഷിന്റെ നിലപാട്. എല്ലാം ഉച്ചക്ക് രണ്ടരക്ക് കാണാം എന്നും മേയർ പറഞ്ഞു. കാപ്പ കേസ് പ്രതിക്ക് എങ്ങനെയാണ് അവധി ഇളവ് നൽകുക എന്നാണ് എൽഡിഎഫും യുഡിഎഫും ചോദിക്കുന്നത്. കൗൺസിൽ യോഗം കഴിഞ്ഞാൽ സുഗതനെ അയോഗ്യനാക്കാൻ നഗരസഭ സെക്രട്ടറിക്ക് കത്ത് നൽകാനാണ് തീരുമാനം.



## മദ്യപാനത്തിനിടെ സുഹൃത്തുക്കൾ തമ്മിൽ സംഘർഷം; യുവാവിനെ കുത്തി ക്കൊലപ്പെടുത്തി

കൊല്ലം: കടവൂരിൽ മദ്യപാനത്തിനിടെ സുഹൃത്തുക്കൾ തമ്മിലുണ്ടായ തർക്കത്തിനിടെ യുവാവിനെ കുത്തിക്കൊലപ്പെടുത്തി. കൊല്ലം തൃക്കടവൂർ മഹാദേവ ക്ഷേത്രത്തിലെ ആന ശിവരാജുവിൻറെ മൂന്നാം പാപ്പാനായ രാജു ആണ് കൊല്ലപ്പെട്ടത്. പാൽക്കുളങ്ങര സ്വദേശിയാണ് രാജു.

സംഭവത്തിൽ രണ്ടാം പ്രതി മഹേഷിനെ പൊലീസ് കസ്റ്റഡിയിലെടുത്തു. ഒന്നാം പ്രതി ശ്യാം കുമാർ ഒളിവിലാണ്.

വ്യാഴാഴ്ച രാത്രിയാണ് സംഭവം. മദ്യലഹരിയിൽ സുഹൃത്തുക്കൾ തമ്മിലുണ്ടായ തർക്കം കൈയാങ്കളിയിലേക്കും പിന്നീട് കൊലപാതകത്തിലും കലാശിച്ചത്.

## ഇഡിക്കുനേരെ ആക്രമണം: ജാമ്യ ഹർജികൾ മാറ്റി

കൊച്ചി: പ്രതിപക്ഷനേതാവ് പിണറായി വിജയൻറെ തിരുവനന്തപുരത്തെ വസതിയിൽ റെയ്ഡ് നടത്തിയ ഇഡി ഉദ്യോഗസ്ഥരെ ആക്രമിച്ച കേസിലെ പ്രതികളായ ശ്രീജിത്, ജീവൻ, പി.എസ്. കിരൺ, അനിൽകുമാർ എന്നിവരുടെ ജാമ്യഹർജികൾ ഹൈക്കോടതി തിങ്കളാഴ്ച പരിഗണിക്കാൻ മാറ്റി.

മറ്റുചില പ്രതികളുടെ ജാമ്യത്തോടൊപ്പം ഇവയും പരിഗണിക്കാനാണു ജസ്റ്റീസ് കൗസർ എടപ്പഗത്ത് ഹർജികൾ മാറ്റിയത്.

## സൗഹൃദ മത്സരം: ലീഡ്സ് യുണൈറ്റഡിന് ജയം

ലണ്ടൻ: സൗഹൃദ ഫുട്ബോൾ മത്സരത്തിൽ ലീഡ്സ് യുണൈറ്റഡിന് ജയം. വ്യാഴാഴ്ച നടന്ന മത്സരത്തിൽ സണ്ടർലൻഡിനെ എതിരില്ലാത്ത ഒരു ഗോളിന് തോൽപ്പിച്ചു.

ലൂക്കാസ് എൻമേച്ചയാണ് ലീഡ്സിന് വേണ്ടി ഗോൾ നേടിയത്. മത്സരത്തിൻറെ എട്ടാം മിനിറ്റിലാണ് എൻമേച്ച ഗോൾ കണ്ടെത്തിയത്.

# ജീപ്പ് ട്രക്കിലിടിച്ച് ഒരു കുടുംബത്തിലെ എട്ട് പേർക്ക് പരിക്ക്

മുംബൈ: മഹാരാഷ്ട്രയിലെ താനെയിൽ ജീപ്പ് നിർത്തിയിട്ടിരുന്ന ട്രക്കിലിടിച്ച് ഒരു കുടുംബത്തിലെ എട്ട് പേർക്ക് പരിക്ക്. ഇവരിൽ നാല് പേരുടെ നില ഗുരുതരമാണ്. ജൽഗാവ് സ്വദേശികളായ കുടുംബാംഗങ്ങളാണ് അപകടത്തിൽപ്പെട്ടത്.

സൗദിയിലേക്ക് പോയ ബന്ധുക്കളെ മുംബൈ എയർപോർട്ടിൽ യാത്രയാക്കിട്ട് തിരികെ ജൽഗാവിലേക്ക് മടങ്ങുകയായിരുന്നു കുടുംബം. ഇവർ സഞ്ചരിച്ചിരുന്ന വാഹനം നിർത്തിയിട്ടിരുന്ന ട്രക്കിൻറെ പിന്നിലേക്ക് ഇടിച്ചു കയറുകയായിരുന്നു.

കനത്ത മഴയെ തുടർന്ന് റോഡരികിൽ നിർത്തിയിട്ടിരുന്ന ട്രക്ക്, ഡ്രൈവർക്ക് കാണാൻ സാധിക്കാത്തതാണ് അപകടകാരണമായതെന്നാണ് പ്രാഥമിക നിഗമനം. കൂട്ടിയിടിയുടെ ആഘാതത്തിൽ ജീപ്പിൻറെ മുൻഭാഗം പൂർണമായി തകർന്നു.

അപകടത്തെ തുടർന്ന് നാട്ടുകാരും പോലീസും ചേർന്ന് പരിക്കേറ്റവരെ ഉടൻ തന്നെ ആശുപത്രിയിൽ പ്രവേശിപ്പിച്ചു. പ്രാഥമിക ചികിത്സയ്ക്ക് ശേഷം ഗുരുതരമായി പരിക്കേറ്റവരെ വിദഗ്ധ ചികിത്സയ്ക്കായി ബന്ധുക്കൾ ജൽഗാവിലേക്ക് കൊണ്ടുപോയി. ചെറിയ പരിക്കുകളേറ്റ മറ്റുള്ളവർ ചികിത്സയ്ക്ക് ശേഷം ആശുപത്രി വിട്ടു. സംഭവത്തിൽ പോലീസ് കേസെടുത്ത് അന്വേഷണം ആരംഭിച്ചു.

# അധ്യാപകർ പ്രതിയായ ലഹരിക്കേസ്; വിദ്യാഭ്യാസ വകുപ്പ് അന്വേഷണം പ്രഖ്യാപിച്ചു

കോഴിക്കോട്: വടകരയിൽ എംഡിഎംഎയുമായി അധ്യാപകർ പിടിയിലായ സംഭവത്തിൽ ഔദ്യോഗിക അന്വേഷണത്തിന് ഉത്തരവിട്ട് വിദ്യാഭ്യാസ വകുപ്പ്. എസ്എസ്കെ(സമഗ്ര ശിക്ഷാ കേരള) അഡീഷണൽ സ്റ്റേറ്റ് പ്രൊജക്ട് ഡയറക്ടർ എം.കെ. ഷൈൻ മോൻറെ നേതൃത്വത്തിലുള്ള നാലംഗ സമിതിയാണ് അന്വേഷിക്കുന്നത്. ഇതുസംബന്ധിച്ച് എസ്എസ്കെ പ്രൊജക്ട് ഡയറക്ടർ ഉത്തരവിറക്കി.

പേരാമ്പ്ര ബി.ആർ.സി.യിലെ അധ്യാപികമാരായ കീർത്തന, കാവ്യ, നീഷ്മ എന്നിവരാണ് കേസിൽ അറസ്റ്റിലായത്. വിവരങ്ങൾ പുറത്തുവന്നതിനു പിന്നാലെ ഇവരെ സർവീസിൽ നിന്നും പിരിച്ചുവിട്ടിരുന്നു. ഇതിന് പിന്നാലെയാണ് വിദ്യാഭ്യാസ വകുപ്പ് ഉന്നതതല അന്വേഷണത്തിന് ഉത്തരവിട്ടിരിക്കുന്നത്.

അതേസമയം കേസിൽ അറസ്റ്റിലായ പ്രതികളുടെ സ്വത്തുക്കൾ കണ്ടുകെട്ടുന്നതിനുള്ള പ്രാരംഭ നടപടികൾ അന്വേഷണ സംഘം ആരംഭിച്ചു കഴിഞ്ഞു. പ്രതികളുടെ ബാങ്ക് അക്കൗണ്ടുകൾ കേന്ദ്രീകരിച്ച് നടത്തിയ പരിശോധനയിൽ കഴിഞ്ഞ ആറുമാസത്തിനിടെ കോടിക്കണക്കിന് രൂപയുടെ ഇടപാടുകൾ നടന്നതായി പോലീസിന് വ്യക്തമായിട്ടുണ്ട്.

അറസ്റ്റിലായ കീർത്തനയുടെ അക്കൗണ്ടിലേക്ക് 14 ലക്ഷം രൂപയും കാവ്യയുടെ അക്കൗണ്ടിലേക്ക് 9 ലക്ഷം രൂപയും എത്തിയിരുന്നു. ചെറിയ തുകയ്ക്ക് ജോലി ചെയ്യുന്ന ഇത്രയും ചെറിയ വേതനമുള്ള അധ്യാപികമാരുടെ അക്കൗണ്ടുകളിലേക്ക് ഇത്രയധികം പണം എത്തിയത് ലഹരി ഇടപാടുകൾ വഴിയാണെന്ന ഉറച്ച നിഗമനത്തിലാണ് പോലീസ് അന്വേഷണം മുന്നോട്ട് കൊണ്ടുപോകുന്നത്.

# ഡബിൾ സ്ട്രോങ്ങ് ചായ; കോഡ് ഭാഷയിൽ ലഹരി വിൽപ്പന നടത്തിയ 'പേപ്പർ ഇക്ക' പിടിയിൽ

നെടുങ്കണ്ടം: ഓപ്പറേഷൻ തണ്ടറിൻറെ ഭാഗമായി ഉടുമ്പൻചോല എക്സൈസ് നടത്തിയ പരിശോധനയിൽ 22 കിലോ നിരോധിത പുകയില ഉത്പന്നങ്ങളും മൂന്ന് ഗ്രാം കഞ്ചാവും കഞ്ചാവ് വലിക്കാൻ ഉപയോഗിക്കുന്ന ഒസിഡി. പേപ്പറുകളും പിടികൂടി. സംഭവത്തിൽ കട ഉടമയായ നെടുങ്കണ്ടം സ്വദേശി കാരിശേരി മജീദ് ഹാസിം പിടിയിലായി.

ടൗണിൽ രാത്രി വൈകിയും പ്രവർത്തിക്കുന്ന കടകൾ കേന്ദ്രീകരിച്ച് ഷാഡോ എക്സൈസ് അംഗങ്ങളായ രതീഷ് കുമാർ, ടിൽസ് ജോസഫ്, സുബിൻ വർഗീസ് എന്നിവർ നടത്തിയ രഹസ്യാന്വേഷണത്തിലാണ് വൻ ലഹരിക്കച്ചവടം പുറത്തുവന്നത്.

വളരെ രഹസ്യമായി പ്രത്യേക കോഡ് ഭാഷ ഉപയോഗിച്ചായിരുന്നു മജീദിൻറെ ലഹരിവിൽപ്പനയെന്ന് എക്സൈസ് ഉദ്യോഗസ്ഥർ വ്യക്തമാക്കി. പൊടി ചായ എന്നത് 75 രൂപയ്ക്ക് ചായയോടൊപ്പം നിരോധിത പുകയില ഉത്പന്നമായ 'ഹാൻസ്' നൽകുന്ന കോഡാണ്. ഡബിൾ സ്ട്രോങ്ങ് ചായ എന്ന് പറഞ്ഞാൽ 115 രൂപയ്ക്ക് ഒസിഡി പേപ്പറും ലഭിക്കും.

ഓൺലൈൻ സൈറ്റുകൾ വഴി വാങ്ങി, ഗുണനിലവാരം അനുസരിച്ച് 200 മുതൽ 500 രൂപവരെ ഈടാക്കിയാണ് ഒസിഡി. പേപ്പറുകൾ ഇയാൾ വിറ്റിരുന്നത്. നാട്ടുകാർക്കിടയിൽ 'പേപ്പർ ഇക്ക' എന്നാണ് ഇയാൾ അറിയപ്പെട്ടിരുന്നത്. പ്രതിയുടെ കടയുടെ ലൈസൻസ് റദ്ദാക്കുന്നതുൾപ്പെടെയുള്ള നടപടികൾക്കായി നെടുങ്കണ്ടം പഞ്ചായത്തിന് എക്സൈസ് വകുപ്പ് റിപ്പോർട്ട് നൽകും.

# വിദേശത്ത് നിന്ന് ഫണ്ട് പിരിച്ചെന്ന് വ്യക്തം; വി.ഡി.സതീശന് ക്ലീൻ ചിറ്റ് നൽകിയത് അസാധാരണമെന്ന് എം.വി. ഗോവിന്ദൻ

തിരുവനന്തപുരം: പുനർജനി കേസിൽ മുഖ്യമന്ത്രി വി.ഡി. സതീശന് ക്ലീൻ ചിറ്റ് നൽകിയ നടപടിക്കെതിരെ വിമർശനവുമായി സിപിഎം സംസ്ഥാന സെക്രട്ടറി എം.വി.ഗോവിന്ദൻ. എല്ലാ തെളിവുകളും നിലനിൽക്കെ അന്വേഷണം അവസാനിപ്പിച്ച് കുറ്റവിമുക്തനാക്കിയത് അസാധാരണ നടപടിയാണെന്ന് അദ്ദേഹം ആരോപിച്ചു.

വിദേശത്ത് പോയി ഫണ്ട് ശേഖരിക്കാൻ നിലവിലെ നിയമം അനുവദിക്കുന്നില്ലെന്നും പ്രളയകാലത്ത് സഹായം തേടാൻ മുഖ്യമന്ത്രിക്ക് പോലും അനുമതി ലഭിച്ചിരുന്നില്ലെന്നും എം.വി. ഗോവിന്ദൻ പറഞ്ഞു. വി.ഡി. സതീശൻ ഫണ്ട് അഭ്യർഥിക്കുന്നതിൻറെ വീഡിയോയും അദ്ദേഹം പുറത്തുവിട്ടു.

സ്വതന്ത്ര അന്വേഷണം അവസാനിപ്പിക്കുന്നതിൽ തിടുക്കം കാണിച്ചുവെന്ന തരത്തിലാണ് രമേശ് ചെന്നിത്തലയുടെ പ്രതികരണമെന്നും ഗോവിന്ദൻ പറഞ്ഞു. വിദേശത്ത് നിന്ന് ഫണ്ട് സമാഹരിച്ചെന്ന ആരോപണത്തിൽ വ്യക്തത വേണമെന്നും കേസ് അവസാനിപ്പിച്ച് ക്ലീൻ ചിറ്റ് നൽകിയത് കേരളം ചർച്ച ചെയ്യണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു.

വിദേശത്ത് നിന്ന് 22,500 പൗണ്ട് വിവിധ വ്യക്തികളിൽ നിന്നാണ് സമാഹരിക്കുന്നതെന്ന് ചൂണ്ടിക്കാണിക്കുന്നുണ്ട്.

പണം വന്ന അക്കൗണ്ടിനെക്കുറിച്ചും വി.ഡി. സതീശൻ തന്നെ വിശദീകരിച്ചിട്ടുണ്ട്. വിജിലൻസ് ക്ലീൻ ചിറ്റ് നൽകിയതിനെതിരെ കൂടുതൽ അന്വേഷണം വേണം. സംഭവത്തിൽ കേന്ദ്ര ഏജൻസി അന്വേഷണം നടത്തണമെന്നും എം.വി. ഗോവിന്ദൻ പറഞ്ഞു.




മന്ത്രി ബിന്ദു കൃഷ്ണയുടെ അധ്യക്ഷതയിൽ ചേർന്ന കർക്കിടക വാവ് അവലോകന യോഗം

# 'ഇത്രയും വലിയ അഴിമതിക്കാരനെയാണോ സർക്കാർ പദവികളിൽ വച്ചത്'; കശുവണ്ടി അഴിമതിക്കേസിലെ കെ.എ. രതീഷിനെതിരെ ഹൈക്കോടതി

കൊച്ചി: കശുവണ്ടി അഴിമതി കേസിലെ പ്രതിയായ മുൻ മാനേജിംഗ് ഡയറക്ടർ കെ.എ. രതീഷ് സർക്കാർ പദവികളിൽ ഇരിക്കാൻ യോഗ്യനല്ലെന്ന് ഹൈക്കോടതി. ഇത്രയും വലിയ അഴിമതിക്കാരനെയാണോ സർക്കാർ സുപ്രധാന പദവിയിൽ ഇരുത്തിയതെന്ന് കോടതി വിമർശിച്ചു.

കേരള ഖാദി ഗ്രാമ വ്യവസായ ബോർഡിന്റെ സെക്രട്ടറി, റൂട്രോണിക്സ് എംഡി എന്നീ പദവികളാണ് നിലവിൽ രതീഷ് വഹിക്കുന്നത്.

ഇതിനെതിരായി എത്തിയ ഹർജിയിലാണ് കോടതിയുടെ വിമർശനം. കശുവണ്ടി അഴിമതി കേസിൽ കെ.എ. രതീഷിനെ പ്രോസിക്യൂട്ട് ചെയ്യാനുള്ള അനുമതിയും സർക്കാർ നൽകിയിട്ടുണ്ട്.

എന്നാൽ രതീഷിന് സുപ്രധാന പദവികൾ നൽകിയതും മന്ത്രിമാരോടൊപ്പം യോഗങ്ങളിൽ പങ്കെടുക്കുന്നതും ചോദ്യം ചെയ്തുകൊണ്ടാണ്, രതീഷിനെ പുറത്താക്കണമെന്ന് ആവശ്യപ്പെട്ട് കെ.എം. ഷാജഹാൻ ഹൈക്കോടതിയിൽ ഹർജി നൽകിയത്.

കെ.എ. രതീഷിനെതിരെ ഉയർന്ന ആരോപണങ്ങൾ അതീവ ഗുരുതരമാണെന്ന് കോടതി വ്യക്തമാക്കി. ഇത്രയും വലിയ അഴിമതിക്കാരനെയാണോ രണ്ട് പ്രധാനപ്പെട്ട സ്ഥാനങ്ങളിൽ നിയോഗിച്ചിരിക്കുന്നതെന്ന് ജസ്റ്റിസ് എ. ബദറുദീൻ ചോദിച്ചു.

അഴിമതിക്ക് നല്ല സാധ്യതയുള്ള സ്ഥലത്താണല്ലോ വെച്ചിരിക്കുന്നത് എന്നും കോടതി ചോദിച്ചു. ഒരാഴ്ചക്കകം വിശദീകരണം നൽകാൻ സർക്കാറിനോട് കോടതി ആവശ്യപ്പെട്ടു. ഓഗസ്റ്റ് 6ന് ആണ് കേസ് വീണ്ടും പരിഗണിക്കുക.

# നീലയിൽ നിന്ന് കാവിയിലേക്ക്; ഹോക്കി ടീമിൻറെ ജഴ്സി മാറ്റിയതിൽ വിശദീകരണവുമായി ഫെഡറേഷൻ

ന്യൂഡൽഹി: ഹോക്കി ലോകകപ്പിന് മുന്നോടിയായി ഇന്ത്യൻ പുരുഷവനിതാ ടീമുകളുടെ ജഴ്സിയുടെ നിറം മാറ്റിയതുമായി ബന്ധപ്പെട്ട വിവാദത്തിൽ വിശദീകരണവുമായി ഹോക്കി ഇന്ത്യ.

നെതർലൻഡ്സിലും ബെൽജിയത്തിലും നടക്കാനിരിക്കുന്ന ലോകകപ്പിൽ പരമ്പരാഗത നീല ജഴ്സിക്ക് പകരം കുങ്കുമ നിറത്തിലുള്ള ജഴ്സിയാണ് ഉപയോഗിക്കുന്നത്.

ജഴ്സി നിറം മാറ്റത്തിനെതിരെ സമൂഹമാധ്യമങ്ങളിൽ വിമർശനങ്ങൾ ഉയർന്നതോടെയാണ് ഹോക്കി ഇന്ത്യ വിശദീകരണവുമായി രംഗത്തെത്തിയത്. കളിക്കളത്തിലെ സാങ്കേതികപരമായ കാരണങ്ങൾ മുൻനിർത്തിയാണ് ജഴ്സി മാറ്റിയതെന്ന് ഹോക്കി ഇന്ത്യ പ്രസ്താവനയിൽ വ്യക്തമാക്കി.

അന്താരാഷ്ട്ര ഹോക്കി മത്സരങ്ങൾക്ക് നീല നിർത്തിലുള്ള സിന്തറ്റിക് ടർഫാണ് ഉപയോഗിക്കുന്നത്. താരങ്ങൾ നീല ജഴ്സിയിൽ ഇറങ്ങുന്നതു മൂലം മൈതാനത്ത് വ്യക്തതയോടെയും വേഗത്തിലും നീക്കങ്ങൾ നടത്തുന്നതിൽ ബുദ്ധിമുട്ടുണ്ടാക്കുന്നുവെന്ന് പരിശീലകർ പറഞ്ഞിരുന്നു.

ഇതിൻറെ അടിസ്ഥാനത്തിലാണ് നിറം മാറ്റിയതെന്ന് ഹോക്കി ഇന്ത്യ വ്യക്തമാക്കി. ജഴ്സി നിറം മാറ്റത്തിനെതിരെ മുൻ താരങ്ങൾ രംഗത്തെത്തിയിരുന്നു.

## ഓപ്പറേഷൻ തൂഫാൻ: പൂജപ്പുര,കണ്ണൂർ ജയിലുകളിൽ നിന്ന് കഞ്ചാവ് പൊതികൾ കണ്ടെത്തി

തിരുവനന്തപുരം: ഓപ്പറേഷൻ തൂഫാൻറെ ഭാഗമായി സംസ്ഥാനത്തെ ജയിലുകളിൽ പരിശോധന നടന്നു. തിരുവനന്തപുരത്ത് വ്യാഴാഴ്ച രാത്രി ആരംഭിച്ച പരിശോധന ഇന്ന് പുലർച്ചെ അവസാനിച്ചു.

പൂജപ്പുര ജയിലിൽ നിന്ന് കഞ്ചാവ് പൊതികൾ കണ്ടെത്തി. കൂടാതെ കത്തിയും സിഗരറ്റ് ബണ്ടിലുകളും കണ്ടെത്തി. തിരുവനന്തപുരം, കണ്ണൂർ, വിയ്യൂർ, തവനൂർ ജയിലുകളിൽ ആണ് പരിശോധന നടത്തിയത്.

ജയിലുകളിൽ എത്തുന്ന പ്രതികളിൽ ചിലർ മയക്കുമരുന്ന് കച്ചവടക്കാരായി മാറുന്നുവെന്നും കണ്ടെത്തി.

ഉന്നത ഉദ്യോഗസ്ഥരുടെ നേതൃത്വത്തിൽ ആയിരുന്നു പരിശോധന നടന്നത്. കണ്ണൂർ സെൻട്രൽ ജയിലിൽ നിന്നും കഞ്ചാവ് പിടികൂടി. ഹാഷിഷ് ഓയിലും, മൊബൈൽ ചാർജറും കണ്ടെത്തി.

ആറാം ബ്ലോക്കിൽ നിന്നാണ് പിടികൂടിയത്. ഒന്നാം ബ്ലോക്കിൽ നിന്ന് ബീഡികളും കണ്ടെത്തി. ജയിൽ സൂപ്രണ്ട് ടൗൺ പോലീസിൽ പരാതി നൽകി.

# ഐരാപുരം ശ്രീ ശങ്കര കോളജിൽ കെസിഎയുടെ ക്രിക്കറ്റ് സെൻറർ വരുന്നു; കരാർ ഒപ്പുവച്ചു

കൊച്ചി: പെരുമ്പാവൂർ ഐരാപുരം ശ്രീശങ്കര വിദ്യാപീഠം കോളജിൽ കേരള ക്രിക്കറ്റ് അസോസിയേഷൻറെ അത്യാധുനിക ക്രിക്കറ്റ് സെൻറർ ഒരുങ്ങുന്നു. ശ്രീശങ്കര ട്രസ്റ്റിൻറെ ഉടമസ്ഥതയിലുള്ള 11 ഏക്കറോളം വരുന്ന സ്ഥലത്താണ് ക്രിക്കറ്റ് ഗ്രൗണ്ട് ഉൾപ്പെടുന്ന അത്യാധുനിക സെൻറർ നിർമിക്കുന്നത്. സ്ഥലം ഏറ്റെടുത്ത് രണ്ട് വർഷത്തിനുള്ളിൽ നിർമാണം പൂർത്തിയാക്കാനാണ് ലക്ഷ്യം.

ഇത് സംബന്ധിച്ച പാട്ടക്കരാറിൽ ശ്രീ ശങ്കര ട്രസ്റ്റ് ചെയർമാൻ അഡ്വ. വി. ശംഭു നമ്പൂതിരി, മാനേജർ പ്രഫ. ഡോ. ഇ. കൃഷ്ണൻ നമ്പൂതിരി, കെസിഎ സെക്രട്ടറി വിനോദ് എസ്. കുമാർ എന്നിവർ ഒപ്പുവെച്ചു. മുപ്പത്തിമൂന്ന് വർഷത്തേക്കാണ് കെസിഎയ്ക്ക് ഭൂമി പാട്ടത്തിന് നൽകിയിരിക്കുന്നത്. കരാർ പ്രകാരം 2026 ജൂലൈ 31 മുതൽ 2059 ജൂലൈ 31 വരെയാണ് പാട്ടക്കാലാവധി.

കെസിഎ ക്രിക്കറ്റ് സെൻറർ എന്ന പേരിൽ ഒരുങ്ങുന്ന പദ്ധതിയിൽ പ്രധാനമായും രണ്ട് വലിയ ക്രിക്കറ്റ് ഗ്രൗണ്ടുകളാണ് നിർമിക്കുന്നത്. ഇതിൽ ഒന്നാമത്തെ ഗ്രൗണ്ട് പൂർണമായും ക്രിക്കറ്റ് മത്സരങ്ങൾക്കും പരിശീലനത്തിനുമായി മാത്രമാകും ഉപയോഗിക്കുക. ഈ ഗ്രൗണ്ടിനോട് ചേർന്ന് പവലിയൻ, ഇൻഡോർഔട്ട്ഡോർ പരിശീലന സൗകര്യങ്ങൾ, തൊഴിലാളികൾക്കുള്ള ക്വാർട്ടേഴ്സ്, ഓഫീസ് സംവിധാനങ്ങൾ, സ്റ്റോർ റൂമുകൾ എന്നിവ സജ്ജമാക്കും.

കൂടാതെ ആധുനിക സൈറ്റ് സ്ക്രീനുകൾ, കാമറ ടവറുകൾ, വിവിധതരം റോളറുകൾ, സ്കോർ ബോർഡുകൾ തുടങ്ങി അന്താരാഷ്ട്ര നിലവാരത്തിലുള്ള സജ്ജീകരണങ്ങളും ഇവിടെയുണ്ടാകും. പദ്ധതിയുടെ ഭാഗമായി ഒരുക്കുന്ന രണ്ടാമത്തെ ഗ്രൗണ്ട് കോളജിനും ട്രസ്റ്റിനും അവരുടെ മറ്റ് കായിക ആവശ്യങ്ങൾക്കായി ഉപയോഗിക്കാൻ സാധിക്കും.

## സിപിഎം മനുഷ്യരുടെ പാർട്ടി, തെറ്റ് പറ്റാത്ത മനുഷ്യരുണ്ടോ; ഇ.പി. ജയരാജൻ

ന്യൂഡൽഹി: നിയമസഭാ തെരഞ്ഞെടുപ്പ് തോൽവിയിലെ സിപിഎം കേന്ദ്ര കമ്മിറ്റിയുടെ അവലോകന റിപ്പോർട്ടിൽ പ്രതികരണവുമായി കേന്ദ്ര കമ്മിറ്റി അംഗം ഇ.പി. ജയരാജൻ. പ്രസിദ്ധീകരിച്ച റിപ്പോർട്ടിലുള്ളത് പാർട്ടിക്ക് സംഭവിച്ച കുറ്റങ്ങളാണെന്നും ഇപ്പോൾ നടക്കുന്നത് തെറ്റുതിരുത്തൽ പ്രവർത്തനങ്ങളാണെന്നും ഇപി വ്യക്തമാക്കി.

മനുഷ്യരുടെ പാർട്ടിയാണ് സിപിഎമ്മെന്നും തെറ്റ് പറ്റാത്ത മനുഷ്യരുണ്ടോ എന്നും ചോദിച്ച അദ്ദേഹം, തെറ്റ് സംഭവിച്ചാൽ തിരുത്തുകയെന്നതാണ് പാർട്ടിയുടെ രീതിയെന്നും കൂട്ടിച്ചേർത്തു. ശരിയായ വഴിയിലേക്ക് കൂടുതൽ വേഗത്തിൽ പാർട്ടി സഞ്ചരിക്കും.

പ്രശ്നങ്ങളെല്ലാം ഏതെങ്കിലും ഒരാളുടെ തലയിൽ കെട്ടിവെക്കേണ്ട കാര്യമില്ല.

# ഭർത്താവിനെ കൊലപ്പെടുത്തിയ യുവതിയും കാമുകനും അറസ്റ്റിൽ

ഗാന്ധിനഗർ: ഗുജറാത്തിലെ ജാംനഗറിൽ ഭർത്താവിനെ കൊലപ്പെടുത്തിയ യുവതിയും കാമുകനും അറസ്റ്റിൽ. ജിഗ്നേഷ് മാവദരിയ എന്ന യുവാവിനെയാണ് ഭാര്യ പൃഥിയും കാമുകൻ നീലേഷും ചേർന്ന് കൊലപ്പെടുത്തിയത്.

ജിഗ്നേഷ് ഓസ്ട്രേലിയയിൽ ജോലി ചെയ്യുകയാണെന്നായിരുന്നു പൃഥി കുടുംബാംഗങ്ങളെ വിശ്വസിപ്പിച്ചിരുന്നത്. എന്നാൽ ജിഗ്നേഷ് ജോലി ചെയ്യുന്ന സ്ഥാപനത്തിൻറെ വിലാസവും ഫോൺ നമ്പറും പൃഥിയോട് ആവശ്യപ്പെട്ടപ്പോൾ വിവരങ്ങൾ നൽകാൻ കഴിയാതെ വരികയും ഒഴിഞ്ഞുമാറുകയും ചെയ്തതോടെ കുടുംബത്തിന് സംശയം തോന്നി.

ജിഗ്നേഷിനെ കാണാനില്ലെന്ന് കാണിച്ച് അദ്ദേഹത്തിൻറെ സഹോദരൻ അശോക് മാവദരിയ പരാതി നൽകി. തുടർന്ന് പോലീസ് നടത്തിയ അന്വേഷണത്തിലാണ് പൃഥിയും നീലേഷും ചേർന്ന് ജിഗ്നേഷിനെ കൊലപ്പെടുത്തിയതാണെന്ന് കണ്ടെത്തിയത്.വിവാഹത്തിന് മുമ്പേ പൃഥിയും നീലേഷും തമ്മിൽ അടുപ്പത്തിലായിരുന്നുവെന്നും വിവാഹശേഷവും ഇത് തുടർന്നുവെന്നും അന്വേഷണത്തിൽ വ്യക്തമായി.

മദ്യത്തിൽ സൈനൈഡ് കലർത്തി നൽകിയാണ് ജിഗ്നേഷിനെ കൊലപ്പെടുത്തിയത്. തുടർന്ന് തെളിവ് നശിപ്പിക്കുന്നതിനായി ജാംനഗറിലെ ഒരു ഫാക്ടറിക്കുള്ളിൽ മൃതദേഹം കുഴിച്ചുമൂടുകയായിരുന്നു. കൊലപാതകം നടന്ന സമയത്ത് നീലേഷ് ഒരു മാസത്തേക്ക് വാടകയ്ക്കെടുത്തതായിരുന്നു ഈ ഫാക്ടറി.

പോലീസും ഫോറൻസിക് സംഘവും ചേർന്ന് ഫാക്ടറിയിൽ നടത്തിയ പരിശോധനയിൽ മനുഷ്യൻറെ അവശിഷ്ടങ്ങൾ കണ്ടെത്തുകയായിരുന്നു. ഇത് ഫോറൻസിക് പരിശോധനയ്ക്കായി അയച്ചിട്ടുണ്ട്. സംഭവത്തിൽ പ്രതികളെ അറസ്റ്റ് ചെയ്യുകയും കൂടുതൽ ശാസ്ത്രീയമായ അന്വേഷണങ്ങൾ പുരോഗമിക്കുകയാണെന്നും പോലീസ് അറിയിച്ചു.

## വ്യക്തിഗത അക്കാദമിക വിവരങ്ങൾ പ്രസിദ്ധീകരിച്ചു

സർക്കാർ/ സ്വാശ്രയ സ്ഥാപനങ്ങളിലെ 2026-27 വർഷത്തെ പ്രൊഫഷണൽ ഡിഗ്രി ഇൻ നഴ്സിങ് ആൻഡ് അലൈഡ് ഹെൽത്ത് കെയർ കോഴ്സുകളിലേക്കുള്ള പ്രവേശനത്തിന് അപേക്ഷിച്ചവരുടെ പ്രാഥമിക പരിശോധനയ്ക്കു ശേഷമുള്ള സ്വീകാര്യമായ വ്യക്തിഗത അക്കാദമിക വിവരങ്ങൾ www. lbscentre. kerala.gov.in ൽ പ്രസിദ്ധീകരിച്ചു. അപേക്ഷാർഥികൾ വെബ്സൈറ്റിൽ ലോഗിൻ ചെയ്ത് ഇവ പരിശോധിക്കണം. ആവശ്യപ്പെട്ടിട്ടുള്ള രേഖകൾ സമർപ്പിക്കുന്നതിനുള്ള അവസാന തീയതി ആഗസ്റ്റ് 3 വൈകിട്ട് 5 വരെയാണ്. പുതിയ ക്ലെയിമുകൾ നൽകുവാൻ സാധിക്കുകയില്ല. വിവരങ്ങൾ പരിശോധിച്ച് വരുത്തേണ്ടുന്ന മാറ്റങ്ങൾ ഉണ്ടെങ്കിൽ അത് വരുത്താത്തതും ആവശ്യപ്പെട്ടിട്ടുള്ള സർട്ടിഫിക്കറ്റുകൾ അപ്ലോഡ് ചെയ്യാത്തതും കാരണമുള്ള അനന്തരഫലങ്ങൾക്കു അപേക്ഷാർഥികൾ തന്നെയാകും ഉത്തരവാദി. ആവശ്യപ്പെട്ടിട്ടുള്ള രേഖകൾ അപ്ലോഡ് ചെയ്യാത്തവരുടെ ക്ലെയിം/ അപേക്ഷ നിരസിക്കപ്പെടുന്നതായിരിക്കും.

0471 2560361, 362, 363, 364.

# ഹൃദയത്തിലെ മുഴ നീക്കി, കുഞ്ഞിന് ജന്മം നൽകി; കോട്ടയം മെഡിക്കൽ കോളജിൽ അപൂർവ ശസ്ത്രക്രിയ വിജയം

കോട്ടയം: ഒരേ സമയം അമ്മയുടെ ജീവനും കുഞ്ഞിൻറെയും സുരക്ഷയും ഉറപ്പാക്കി കോട്ടയം സർക്കാർ മെഡിക്കൽ കോളജ് ആശുപത്രിയിൽ ശസ്ത്രക്രിയ വിജയം.

ഹൃദയത്തിൽ ഗുരുതരമായ മുഴ ബാധിച്ച ജാർഖണ്ഡ് സ്വദേശിനിയായ മാക്രി ബോഡോയ്ക്ക് (28) വിജയകരമായി ശസ്ത്രക്രിയ പൂർത്തിയാക്കുകയും, അതേ വേളയിൽ തന്നെ സിസേറിയനിലൂടെ കുഞ്ഞിനെ പുറത്തെടുക്കുകയും ചെയ്തു.

കഴിഞ്ഞ 8ാം തീയതിയായിരുന്നു സങ്കീർണമായ ഈ ഇരട്ട ശസ്ത്രക്രിയ നടന്നത്. നിലവിൽ അമ്മയുടെയും കുഞ്ഞിൻറെയും ആരോഗ്യനില പൂർണ തൃപ്തികരമാണെന്ന് ഡോക്ടർമാർ അറിയിച്ചു.

മൂന്നാറിൽ തേയിലത്തോട്ടം തൊഴിലാളികളായ മാക്രിയും ഭർത്താവ് സുക്രം മണ്ടൂരിനും മൂന്നര വയസ്സുള്ള മറ്റൊരു കുട്ടിയുമുണ്ട്.

സ്വകാര്യ ആശുപത്രികളിൽ ഏകദേശം 15 ലക്ഷത്തോളം രൂപ വരെ ചെലവ് വരുന്ന അതിസങ്കീർണമായ ശസ്ത്രക്രിയയാണ് കോട്ടയം മെഡിക്കൽ കോളജിൽ തികച്ചും സൗജന്യമായി ചെയ്തത്. കാർഡിയോളജി, കാർഡിയാക് അനസ്തീസിയ, ഗൈനക്കോളജി, നിയോനേറ്റോളജി, പെർഫ്യൂഷൻ, തീവ്രപരിചരണ വിഭാഗം, നഴ്സിംഗ് തുടങ്ങി വിവിധ വിഭാഗങ്ങളുടെ കൂട്ടായ പരിശ്രമവും കൃത്യമായ ഏകോപനവുമാണ് ഈ വലിയ നേട്ടത്തിന് പിന്നിൽ പ്രവർത്തിച്ചത്.

ഹൃദയശസ്ത്രക്രിയാ വിഭാഗം മേധാവി ഡോ. ടി.കെ.ജയകുമാർ, ഡോ. സി.എച്ച്.നിധീഷ്, ഡോ. ആൻറോ തോമസ്, എം.ജി ഷാന്ത്, കാർഡിയാക് അനസ്തീഷ്യ വിഭാഗത്തിലെ ഡോ. മഞ്ജുഷ എൻ.പിള്ള, ഡോ. ആൽവി വിനോദ്. ഗൈനക്കോളജി വിഭാഗത്തിലെ ഡോ. സോണിയ, ഡോ. ആശ, ഡോ. സ്നേഹ, ഡോ. ഭദ്ര, പെർഫ്യൂഷനിസ്റ്റുകളായ വിഷ്ണു, സിത്താര, ആനിമോൾ, അനസ്തീസിയ ടെക്നിഷ്യൻമാരായ രാഹുൽ, അഖിൽ, എ.ആർ.പ്രീതിയുടെ നേതൃത്വത്തിലുള്ള ഐസിയു ടീം തുടങ്ങിയവർ ചേർന്നാണ് ശസ്ത്രക്രിയ നടത്തിയത് എന്നിവർ ചേർന്നാണ് ശസ്ത്രക്രിയയ്ക്ക് നേതൃത്വം നൽകിയത്.

# പ്രശസ്ത പിന്നണി ഗായിക ജമുനാ റാണി അന്തരിച്ചു



ബംഗളൂരു: പ്രശസ്ത പിന്നണി ഗായിക ജമുനാ റാണി(88) അന്തരിച്ചു. വ്യാഴാഴ്ച ബംഗളൂരുവിലായിരുന്നു അന്ത്യം. തമിഴ്, തെലുങ്ക്, സിംഹള ഭാഷകളിലായി ആയിരക്കണക്കിന് ഗാനങ്ങൾ അവർ ആലപിച്ചിട്ടുണ്ട്.

ആന്ധ്രാപ്രദേശിൽ 1938 മെയ് 17ന് ജനിച്ച ജമുനാ റാണി 1946ൽ പുറത്തിറങ്ങിയ തെലുങ്ക് ക്ലാസിക് ചിത്രമായ ത്യാഗയ്യയിലൂടെ തൻറെ ഏഴാം വയസിലാണ് സംഗീതജീവിതം ആരംഭിക്കുന്നത്.

ഏകദേശം എട്ടു പതിറ്റാണ്ടോളം നീണ്ട കരിയറിൽ തെലുങ്ക്, തമിഴ്, കന്നഡ, മലയാളം, സിംഹള എന്നീ ഭാഷകളിലായി 6,000ത്തിലധികം ഗാനങ്ങൾ അവർ റിക്കാർഡ് ചെയ്തിട്ടുണ്ട്.

ജി. രാമനാഥൻ, വിശ്വനാഥൻരാമമൂർത്തി, വി. കുമാർ തുടങ്ങിയ പ്രമുഖ സംഗീത സംവിധായകർക്കൊപ്പവും നിരവധി തെലുങ്ക് സംഗീത സംവിധായകർക്കൊപ്പവും അവർ പ്രവർത്തിച്ചിട്ടുണ്ട്. എം.എൻ. രാജം, സൗക്കാർ ജാനകി തുടങ്ങി അക്കാലത്തെ പ്രമുഖരായ നിരവധി നടിമാർക്ക് അവരുടെ ശബ്ദം ഏറ്റവും അനുയോജ്യമായിരുന്നു.

ദൈവപ്പിറവി എന്ന ചിത്രത്തിലെ കാലൈ വയസു കട്ടാന മനസു, സെന്തമിഴ് തെൻമൊഴിയാൾ, പാട്ടൊൺഡ്രു കേട്ടേൻ, പരവശം ആനേൻ തുടങ്ങിയ ഗാനങ്ങൾ ജമുനയുടെ ശബ്ദം കൊണ്ട് ഹിറ്റുകളായി മാറിയവയാണ്.

ജെ.പി. ചന്ദ്രബാബുവിനൊപ്പം അവർ പാടിയ കുംഗമപൂവേ കൊഞ്ചും പുരാവേ എന്ന യുഗ്മഗാനം പുതിയ തലമുറയിലെ ആസ്വാദകരെയും ഇന്നും ആകർഷിക്കുന്നുണ്ട്. പി.ബി. ശ്രീനിവാസിനൊപ്പം അവർ പാടിയ ആഥിമനിതൻ കാതലുക്കുപിൻ എന്ന പ്രണയഗാനവും ഏറെ ശ്രദ്ധിക്കപ്പെട്ട ഒന്നാണ്.

ജിമ്മി, പി. ലീല, എം.എൽ. വവാസന്തകുമാരി, എം.എസ്. രാജേശ്വരി, എ.പി. കോമള തുടങ്ങിയ പ്രമുഖ ഗായികമാർ വാണിരുന്ന സിനിമാ ലോകത്തേക്ക് കടന്നുവന്ന ജമുനാ റാണിക്ക് തൻറെ ഇടം കണ്ടെത്താൻ അധികകാലം വേണ്ടിവന്നില്ല. ലളിത, പത്മിനി എന്നിവർക്ക് വേണ്ടിയുള്ള ഗാനങ്ങളിൽ സ്ഥിര സാന്നിധ്യമായി അവർ മാറി. കൂടാതെ ടി.എം. സൗന്ദരരാജൻ, ജെ.പി. ചന്ദ്രബാബു തുടങ്ങിയ പ്രമുഖ ഗായകർക്കൊപ്പം നിരവധി യുഗ്മഗാനങ്ങളും പാടി.

കമലഹാസൻ നായകനായ നായകൻ എന്ന ചിത്രത്തിലെ നർത്തകിക്ക് വേണ്ടി നാൻ ചിരിതാൽ ദീപാവലി എന്ന ഗാനം കമ്പോസ് ചെയ്തപ്പോൾ സംഗീതസംവിധായകൻ ഇളയരാജ പ്രത്യേകമായി തെരഞ്ഞെടുത്തത് ജമുനാ റാണിയെയും എം.എസ്. രാജേശ്വരിയെയുമായിരുന്നു.

ഇന്ത്യൻ സിനിമയുടെ സുവർണകാലത്ത് ഏറ്റവും കൂടുതൽ തിരക്കുണ്ടായിരുന്ന ഗായികമാരിൽ ഒരാളായി ജമുനാ റാണിയെ വളർത്തിയത് അവരുടെ ഗാംഭീര്യമുള്ളതും വികാരം തുളുമ്പുന്നതുമായ ശബ്ദമായിരുന്നു.

## ഭാര്യയെയും ഏഴ് മാസം പ്രായമുള്ള കുഞ്ഞിനെയും കൊലപ്പെടുത്തി; യുവാവ് ഒളിവിൽ

ബംഗളൂരു: കർണാടകയിലെ ബള്ളാരിയിൽ കുടുംബ വഴക്കിനെത്തുടർന്ന് യുവാവ് ഭാര്യയെയും ഏഴ് മാസം പ്രായമുള്ള കുഞ്ഞിനെയും ചുറ്റികകൊണ്ട് അടിച്ചു കൊലപ്പെടുത്തി. രാജേശ്വരി (27), മകൾ അശ്ബിനി എന്നിവരെയാണ് ഭർത്താവ് ഹോന്നൂർ സ്വാമി കൊലപ്പെടുത്തിയത്.

കഴിഞ്ഞ കുറേ ദിവസങ്ങളായി കുടുംബത്തിൽ നിരന്തരമായ വഴക്കുകളും പ്രശ്നങ്ങളും നിലനിന്നിരുന്നുവെന്ന് പോലീസ് വ്യക്തമാക്കി. വ്യാഴാഴ്ച രാത്രി വൈകിയും ദമ്പതികൾ തമ്മിൽ വാക്കേറ്റമുണ്ടായി. തർക്കം രൂക്ഷമായതിനെത്തുടർന്ന് പ്രകോപിതനായ ഹോന്നൂർ ചുറ്റികകൊണ്ട് രാജേശ്വരിയെയും കുഞ്ഞിനെയും ആക്രമിക്കുകയായിരുന്നു. ഗുരുതരമായി പരിക്കേറ്റ രണ്ട് പേരും സംഭവസ്ഥലത്തുതന്നെ മരിച്ചു.

വിവരമറിഞ്ഞ ഉടൻ തന്നെ പോലീസ് സ്ഥലത്തെത്തി അന്വേഷണം നടത്തി. തുടർന്ന് മൃതദേഹങ്ങൾ പോസ്റ്റ്മോർട്ടത്തിനായി ആശുപത്രിയിലേക്ക് മാറ്റി. കൊലപാതകത്തിനുള്ള യഥാർഥ കാരണം എന്താണെന്ന് വ്യക്തമായിട്ടില്ലെന്നും സംഭവത്തിൽ കേസെടുത്ത് അന്വേഷണം ആരംഭിച്ചിട്ടുണ്ടെന്നും പോലീസ് അറിയിച്ചു. ഒളിവിൽ പോയ പ്രതിക്കായുള്ള തിരച്ചിൽ തുടരുകയാണ്.

# പരീക്ഷാ നിയമഭേദഗതി ബിൽ പാസായി; വീണ്ടും ഇൻസ്റ്റാഗ്രാം വീഡിയോയുമായി പ്രധാനമന്ത്രി

ന്യൂഡൽഹി: പരീക്ഷാ നിയമഭേദഗതി ബിൽ പാർലമെൻറ് പാസാക്കിയതിനു പിന്നാലെ ഇൻസ്റ്റാഗ്രാമിൽ വീഡിയോ പങ്കുവച്ച് പ്രധാനമന്ത്രി നരേന്ദ്ര മോദി. ചോദ്യക്കടലാസ് ചോർച്ചയും വിദ്യാഭ്യാസ സമ്പ്രദായം ശക്തിപ്പെടുത്തുന്നതുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ ഒരാഴ്ചയ്ക്കിടെ ഇത് നാലാം തവണയാണ് പ്രധാനമന്ത്രി ഇൻസ്റ്റാഗ്രാമിലൂടെ രംഗത്തു വരുന്നത്.

കഴിഞ്ഞ പല ദശകങ്ങളായി കേന്ദ്രവും വിവിധ സംസ്ഥാനങ്ങളും ചോദ്യക്കടലാസ് ചോർച്ചയുടെ ഗുരുതരമായ പ്രശ്നം നേരിടുന്നുണ്ടെന്നും, ഇത് ലക്ഷക്കണക്കിന് കുട്ടികളുടെ ഭാവിയാണ് പ്രതിസന്ധിയിലാക്കുന്നതെന്നും വ്യാഴാഴ്ച രാത്രി പോസ്റ്റ് ചെയ്ത വിഡിയോയിൽ പ്രധാനമന്ത്രി പറഞ്ഞു. രാജ്യത്തുടനീളം വിദ്യാഭ്യാസ സമ്പ്രദായം പരിഷ്കരിക്കേണ്ടതും സാങ്കേതികവിദ്യ പരമാവധി പ്രയോജനപ്പെടുത്തേണ്ടതും ഇന്നത്തെ കാലത്ത് അത്യാവശ്യമാണെന്നും അദ്ദേഹം വ്യക്തമാക്കി.

കുട്ടികളുടെ ഭാവിയുമായി കളിക്കുന്ന പേപ്പർ മാഫിയകളെയും ചോർച്ചാ സംഘങ്ങളെയും ഒരു കാരണവശാലും വെറുതെ വിടില്ലെന്നും, അവർക്ക് രക്ഷപ്പെടാനാകില്ലെന്നും വ്യക്തമാക്കിയ പ്രധാനമന്ത്രി, ഇതിനായി കർശനമായ നിയമങ്ങൾ ആവശ്യമാണെന്നും കൂട്ടിച്ചേർത്തു.

താൻ നൽകിയ വാഗ്ദാനപ്രകാരം പാർലമെന്റിന്റെ ഇരുസഭകളും വിശദമായ ചർച്ചകൾക്ക് ഒടുവിൽ കർശന വ്യവസ്ഥകളുള്ള പുതിയ ബിൽ പാസാക്കിയതായി പ്രധാനമന്ത്രി അറിയിച്ചു.

# നേര്യമംഗലംഅടിമാലി റോഡിലെ ചീയപ്പാറയിൽ മണ്ണിടിച്ചിൽ

കോതമംഗലം: കാലവർഷം ശക്തമായതിനൊപ്പം നേര്യമംഗലംഅടിമാലി റോഡിൽ മണ്ണിടിച്ചിൽ. ഇന്നലെ ഉച്ചയോടെ ചീയപ്പാറയ്ക്കു സമീപം റോഡിൻറെ വശത്ത് ഉയരത്തിൽനിന്ന് മണ്ണും കല്ലും മരങ്ങളും റോഡിലേക്ക് ഇടിഞ്ഞുവീഴുകയായിരുന്നു. വാഹനങ്ങൾ തലനാരിഴയ്ക്കാണു രക്ഷപ്പെട്ടത്. ഇതുവഴിയുള്ള വാഹനഗതാഗതം ഏറെനേരം തടസപ്പെട്ടു.

അഗ്നിരക്ഷാസേനയും പോലീസും നാട്ടുകാരും ചേർന്ന് അവശിഷ്ടങ്ങൾ നീക്കിയാണു ഗതാഗതം പുനഃസ്ഥാപിച്ചത്. ഇതിനോടടുത്ത പ്രദേശങ്ങളിൽ മുമ്പും മണ്ണിടിച്ചിൽ ഉണ്ടായിട്ടുള്ളതാണ്.

എറണാകുളം ജില്ലയിൽ നേരത്തേയുള്ള കാലാവസ്ഥാമുന്നറിയിപ്പിൽ മാറ്റംവരുത്തി ഓറഞ്ച് അലർട്ട് പ്രഖ്യാപിച്ചിരിക്കുകയാണ്. ഇതോടെ പ്രഫഷണൽ കോളജുകൾ ഉൾപ്പെടെ എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും ഇന്ന് കളക്ടർ ജി.പ്രിയങ്ക അവധി പ്രഖ്യാപിച്ചു.

അങ്കണവാടികൾക്കും ട്യൂഷൻ സെൻററുകൾക്കും അവധി ബാധകമാണ്. ഓഗസ്റ്റ് ഒന്നു വരെയാണ് ഓറഞ്ച് അലർട്ടുള്ളത്. ഓഗസ്റ്റ് രണ്ടിനും ശക്തമായ മഴയ്ക്കാണു സാധ്യത. യെല്ലോ അലർട്ടാണ് നൽകിയിരിക്കുന്നത്. ഇടുക്കി ജില്ലയിലും സമാന കാലാവസ്ഥാ മുന്നറിയിപ്പാണുള്ളത്.

## കുന്നംകുളത്ത് എംഡിഎംഎയും കഞ്ചാവുമായി യുവാവ് പിടിയിൽ

തൃശൂർ: കുന്നംകുളം ചെമ്മണ്ണൂരിൽ എംഡിഎംഎയും കഞ്ചാവുമായി യുവാവ് പിടിയിൽ. ചെമ്മണ്ണൂർ പാനപറമ്പ് മമ്പറമ്പത്ത് വീട്ടിൽ മുകേഷ് (25) ആണ് പിടിയിലായത്. രഹസ്യ വിവരത്തിൻറെ അടിസ്ഥാനത്തിൽ വ്യാഴാഴ്ച രാവിലെ ആറോടെ ജില്ലാ ലഹരി വിരുദ്ധ സ്കാഡും കുന്നംകുളം പോലീസും ചേർന്ന് പ്രതിയുടെ വീട്ടിൽ നടത്തിയ മിന്നൽ പരിശോധനയിലാണ് ലഹരിമരുന്ന് കണ്ടെടുത്തത്. ഇയാളുടെ പക്കൽ നിന്ന് 9.63 ഗ്രാം എംഡിഎംഎയും 250 ഗ്രാം കഞ്ചാവും പോലീസ് പിടിച്ചെടുത്തു. സ്കൂൾ വിദ്യാർഥികൾ ഉൾപ്പെടെയുള്ളവർക്ക് ലഹരിമരുന്ന് എത്തിച്ചു നൽകുന്ന പ്രമുഖ ലഹരി മാഫിയ സംഘത്തിലെ പ്രധാന കണ്ണിയാണ് പിടിയിലായ മുകേഷെന്ന് പോലീസ് വ്യക്തമാക്കി. സംഭവത്തിൽ കേസ് രജിസ്റ്റർ ചെയ്ത പോലീസ് കൂടുതൽ അന്വേഷണം ആരംഭിച്ചിട്ടുണ്ട്.

# ഹിമാചൽപ്രദേശിനെ വീഴ്ത്തി; സീചെം ട്രോഫി കിരീടം കേരളത്തിന്

പോണ്ടിച്ചേരി: സീനിയർ വനിതകളുടെ സീചെം ട്രോഫി ഫൈനലിൽ ഹിമാചൽ പ്രദേശിനെ തകർത്ത് കേരളത്തിന് കിരീടം. കലാശപ്പോരിൽ 48 റൺസിനാണ് കേരളം ഹിമാചലിനെ തോൽപ്പിച്ചത്. ആദ്യം ബാറ്റ് ചെയ്ത കേരളം 20 ഓവറിൽ ഏഴ് വിക്കറ്റ് നഷ്ടത്തിൽ 146 റൺസെടുത്തു.

മറുപടി ബാറ്റിങ്ങിനിറങ്ങിയ ഹിമാചൽപ്രദേശ് 18.3 ഓവറിൽ 98 റൺസിന് എല്ലാവരും പുറത്തായി. തകർപ്പൻ ബൗളിംഗിലൂടെ കേരളത്തിന് വിജയമൊരുക്കിയ നിയ നസ്നീനാണ് പ്ലെയർ ഓഫ് ദി മാച്ച്. ടോസ് നഷ്ടപ്പെട്ട് ആദ്യം ബാറ്റ് ചെയ്ത കേരളത്തിന് ഓപ്പണർമാരുടെ ഭേദപ്പെട്ട പ്രകടനമാണ് മികച്ച സ്കോർ സമ്മാനിച്ചത്.

കിരൺ നവ്ഗിരെ (34) ടി. ഷാനി (30) റൺസെടുത്തു. 15 പന്തുകളിൽ 24 റൺസെടുത്ത സി.എം.സി. നജ്ലയുടെയും ആറ് പന്തുകളിൽ 15 റൺസെടുത്ത നിയ നസ്നീൻറെയും പ്രകടനവും ശ്രദ്ധേയമായി. ഹിമാചൽപ്രദേശിനു വേണ്ടി നീന ചൗധരി നാലും യമുന വി. റാണ രണ്ടും വിക്കറ്റുകൾ വീഴ്ത്തി. ഹിമാചൽപ്രദേശ് ബാറ്റിംഗ് നിരയിൽ 40 റൺസെടുത്ത ഹർലീൻ ഡിയോളും 30 റൺസെടുത്ത ഹിമാൻഷി മേത്തയും മാത്രമാണ് മികച്ച പ്രകടനം കാഴ്ചവെച്ചത്. മറ്റ് ബാറ്റർമാർ രണ്ടക്കം കാണാതെ പുറത്തായി. നാല് ഓവറിൽ രണ്ട് മെയ്ഡനടക്കം എട്ട് റൺസ് മാത്രം വിട്ടുകൊടുത്ത് നാല് വിക്കറ്റ് വീഴ്ത്തിയ നിയ നസ്നീനാണ് ഹിമാചൽ ബാറ്റിംഗ് നിരയെ തകർത്തത്.വി. എസ്. മൃദുല, ടി. ഷാനി എന്നിവർ രണ്ട് വിക്കറ്റ് വീതവും സജന സജീവൻ ഒരു വിക്കറ്റും വീഴ്ത്തി.

ടൂർണമെൻറിൽ ഒരേയൊരു മത്സരത്തിൽ മാത്രമായിരുന്നു കേരളം തോൽവി വഴങ്ങിയത്. നേരത്തെ സീചെം ട്രോഫിയുടെ അണ്ടർ 19 വിഭാഗത്തിലും കേരളം കിരീടം നേടിയിരുന്നു.

# ഇന്നും ശനിയാഴ്ചയും തീവ്ര മഴയ്ക്ക് സാധ്യത: അഞ്ച് ജില്ലകളിലെ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് ഇന്ന് അവധി

തിരുവനന്തപുരം: സംസ്ഥാനത്ത് ഇന്നും നാളെയും തീവ്ര മഴയ്ക്ക് സാധ്യത. ഇന്ന് 11 ജില്ലകളിലും നാളെ ഒൻപത് ജില്ലകളിലും ഓറഞ്ച് അലർട്ട്. കോട്ടയം, ആലപ്പുഴ, എറണാകുളം, വയനാട്, കാസർകോട് എന്നീ അഞ്ച് ജില്ലകളിൽ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് ഇന്ന് അവധി. കോഴിക്കോട് ജില്ലയിലെ വടകര, താമരശേരി താലൂക്കുകളിലെ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും അവധിയാണ്.

കാലാവസ്ഥാ വകുപ്പ് ഓറഞ്ച് അലർട്ട് പ്രഖ്യാപിച്ച സാഹചര്യത്തിൽ വിദ്യാർഥികളുടെ സുരക്ഷ മുൻനിർത്തിയാണ് ജില്ലാ കളക്ടർമാർ അവധി പ്രഖ്യാപിച്ചത്. പ്രഫഷണൽ കോളജുകൾ, അങ്കണവാടികൾ, ട്യൂഷൻ സെൻററുകൾ, മതപഠന കേന്ദ്രങ്ങൾ തുടങ്ങിയ എല്ലാ സ്ഥാപനങ്ങൾക്കും അവധി ബാധകമായിരിക്കും.

കാസർകോട്, വയനാട് ജില്ലകളിൽ റസിഡൻഷ്യൽ സ്കൂളുകൾക്കും കോളജുകൾക്കും അവധി ബാധകമല്ലെന്ന് അധികൃതർ വ്യക്തമാക്കി. കോഴിക്കോട് ജില്ലയിലെ വടകര, താമരശേരി താലൂക്കുകളിലെ ഓൺലൈൻ ക്ലാസുകൾക്ക് അവധി ബാധകമല്ല. കേരളതീരത്ത് മീൻപിടിത്തത്തിനും വിലക്ക് ഏർപ്പെടുത്തിയിട്ടുണ്ട്.

ശനിയാഴ്ച ഒമ്പത് ജില്ലകളിൽ ഓറഞ്ച് അലേർട്ടും അഞ്ച് ജില്ലകളിൽ യെല്ലോ അലേർട്ടും പ്രഖ്യാപിച്ചിട്ടുണ്ട്. പത്തനംതിട്ട, കോട്ടയം, ഇടുക്കി, എറണാകുളം, തൃശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, വയനാട് ഓറഞ്ച് അലേർട്ട്. തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, കണ്ണൂർ, കാസർകോട് ജില്ലകളിലാണ് യെല്ലോ അലേർട്ട്. ഞായറാഴ്ച പത്തനംതിട്ട, കോട്ടയം, ഇടുക്കി, എറണാകുളം, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർകോട് ജില്ലകളിൽ യെല്ലോ അലേർട്ടും പ്രഖ്യാപിച്ചിട്ടുണ്ട്.

## രാത്രി വീടിനു പുറത്തിറങ്ങിയ യുവതിയെ ലൈംഗികമായി ഉപദ്രവിച്ച അയൽവാസി അറസ്റ്റിൽ

കോഴിക്കോട്: രാത്രി വീടിനു പുറത്തിറങ്ങിയ യുവതിയെ ലൈംഗികമായി ഉപദ്രവിച്ച കേസിൽ അയൽവാസി അറസ്റ്റിൽ. കോഴിക്കോട് പുതിയങ്ങാടി ചാലിൽ റോഡ് സ്വദേശി ടി.കെ. മുഹമ്മദ് സഫദ് (26)ആണ് പന്നിയങ്കര പോലീസിൻറെ പിടിയിലായത്. പയ്യാനക്കൽ സ്വദേശിനിയായ യുവതി വട്ടക്കിണർ വൈഎംആർസിയിലുള്ള തൻറെ സഹോദരൻറെ വീട്ടിൽ എത്തിയതായിരുന്നു.

ഇവർ രാത്രി പുറത്തിറങ്ങിയ സമയത്ത് അയൽ വീട്ടിൽ വാടകയ്ക്ക് താമസിക്കുകയായിരുന്ന സഫദ് ഓടിയെത്തി യുവതിയെ കയറിപ്പിടിക്കുകയായിരുന്നു. ഒഴിഞ്ഞുമാറാൻ ശ്രമിച്ച പെൺകുട്ടിയെ ഇയാൾ ഉപദ്രവിക്കുകയും ചെയ്തു. തുടർന്ന് യുവതിയുടെ പരാതിയിൽ പന്നിയങ്കര പോലീസ് കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തുകയും കോഴിക്കോട് ബീച്ചിൽ വച്ച് കസ്റ്റഡിയിലെടുക്കുകയുമായിരുന്നു. ഇയാളുടെ പേരിൽ വിവിധ സ്റ്റേഷനുകളിലായി നിരവധി കേസുകൾ നിലവിലുണ്ടെന്ന് പോലീസ് പറഞ്ഞു.

# യുവാവിനെ തട്ടിക്കൊണ്ടുപോയ സംഭവം: പിന്നിൽ സാമ്പത്തിക തർക്കം, ഇരുവരും ഒരേ ലഹരി സംഘത്തിലെ കണ്ണികൾ

കൊച്ചി: മരടിൽ നിന്നും യുവാവിനെ തട്ടിക്കൊണ്ടുപോയതിന് പിന്നിൽ ലഹരി ഇടപാടുമായി ബന്ധപ്പെട്ട സാമ്പത്തിക തർക്കമെന്ന് പോലീസ്. തട്ടിക്കൊണ്ടുപോയി എന്ന് പറയപ്പെട്ട യുവാവിനെ ഇന്ന് പുലർച്ചെയാണ് കൊച്ചി വെണ്ണലയിലെ ഫ്ളാറ്റിൽ നിന്നും നാലര ഗ്രാം എംഡിഎംഎയുമായി ഡാൻസാഫ് സംഘം പിടികൂടിയത്. റിജോയി എന്ന യുവാവും സംഘവുമാണ് പിടിയിലായത്.

ആലുവ സ്വദേശിയായ ഫ്രാൻസിസ് ആണ് റിജോയിയെ തട്ടിക്കൊണ്ടു പോയത്. ഇരുവരും ഒരേ ലഹരി സംഘത്തിലെ കണ്ണികളാണ്. റിജോയി ഫ്രാൻസിസ് പണം നൽകാനുണ്ടായിരുന്നു. ഇതിനെ തുടർന്നാണ് കാറിൽ തട്ടിക്കൊണ്ടുപോയത്. തുടർന്ന് കുറച്ചകലെ റിജോയിയെ ഇറക്കിവിടുകയുമായിരുന്നു.

ബുധനാഴ്ച രാത്രിയായിരുന്നു ഓൺലൈൻ ഭക്ഷണം വിതരണം ചെയ്യുന്ന യുവാവ്, നാലു പേർ ചേർന്ന് ഒരാളെ തട്ടിക്കൊണ്ടു പോവുന്നത് കണ്ടത്. സംഭവം മരട് സ്റ്റേഷനിലെ തന്റെ സുഹൃത്തിനെ അറിയിക്കുകയും പോലീസ് ഉടൻ സ്ഥലത്തെത്തി അന്വേഷണം ആരംഭിക്കുകയും ചെയ്തു. സിസിടിവി ക്യാമറകൾ പരിശോധിച്ചതിൽ നിന്നു സംഭവം ശരിയാണെന്നു കണ്ടെത്തി.

4 യുവാക്കൾ ചേർന്ന് മറ്റൊരു യുവാവിനെ വെളുത്ത കാറിൽ ബലം പ്രയോഗിച്ചു കയറ്റിക്കൊണ്ടു പോവുകയായിരുന്നു. മരട് പോലീസ് കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തുന്നതിനിടെയാണ് റിജോയി ഉൾപ്പെടെ നാലു പേർ ഡാൻസാഫ് സംഘത്തിന്റെ പിടിയിലാവുന്നത്.

അനസ്തീഷ്യ ടെക്നീഷ്യയായ പാർവതി, സാന്ദ്ര, വിപിൻ എന്നിവരാണ് റിജോയ്ക്കൊപ്പം പിടിയിലായ മറ്റു മൂന്നു പേർ. ഇവർ ഒരേ ലഹരി സംഘത്തിലെ കണ്ണികളാണ്. ലഹരിക്കച്ചവടത്തിനായി ഇവർ ഫ്ലാറ്റ് എടുത്ത് ഒരുമിച്ച് കഴിയുകയായിരുന്നു.

## കാസർഗോട്ട് എലിവിഷം കഴിച്ച് ചികിത്സയിലായിരുന്ന യുവതി മരിച്ചു

കാസർഗോഡ്: എലിവിഷം കഴിച്ച് ചികിത്സയിലായിരുന്ന യുവതി മരിച്ചു. കാസർഗോഡ് വെള്ളരിക്കുണ്ട് നാട്ടക്കല്ലിലെ ദീപ (23) ആണ് മരിച്ചത്. കോഴിക്കോട് മെഡിക്കൽ കോളജ് ആശുപത്രിയിൽ ചികിത്സയ്ക്കിടെ ആണ് മരണപ്പെട്ടത്. അഞ്ച് ദിവസം മുമ്പ് ഭർത്താവ് സതീഷിൻറെ വെള്ളരിക്കുണ്ട് ആനമഞ്ഞളിലെ വീട്ടിൽ വച്ചാണ് ദീപ വിഷം കഴിച്ചത്.

# ഇറാൻ അമേരിക്ക സംഘർഷം; എണ്ണവില ഉയരുന്നു

മുംബൈ: ഇറാനും അമേരിക്കയും തമ്മിലുള്ള സംഘർഷം വീണ്ടും മുറുകുന്നത് എണ്ണ വിപണിയെ ചൂടുപിടിപ്പിക്കുന്നു. ഇറാനുനേരേയുള്ള ആക്രമണം രണ്ടുദിവസം അമേരിക്ക നിർത്തിവച്ചതിനെത്തുടർന്ന് വീപ്പയ്ക്ക് 86 ഡോളറിലേക്ക് ഇടിഞ്ഞ എണ്ണവില വ്യാഴാഴ്ച വീണ്ടും 90 ഡോളറിനുമുകളിലെത്തി.

അന്താരാഷ്ട്ര ബെഞ്ച്മാർക്കായ ബ്രെൻറ് ക്രൂഡ് വീപ്പയ്ക്ക് 92.20 ഡോളർ വരെ കയറി. പിന്നീട് നേരിയ തോതിൽ തിരിച്ചിറങ്ങി വീപ്പയ്ക്ക് 89.86 ഡോളറെന്ന നിലയിലാണ് വ്യാപാരം പുരോഗമിക്കുന്നത്. അമേരിക്കൻ ബെഞ്ച്മാർക്കായ ഡബ്ല്യുടിഐ ക്രൂഡ് വില വീപ്പയ്ക്ക് 83.49 ഡോളറാണ്. ഹോർമുസ് കടലിടുക്ക് അടഞ്ഞു കിടക്കുമ്പോഴും മറ്റു മാർഗങ്ങളിലൂടെ വിപണിയിൽ എണ്ണ എത്തുന്നുണ്ടെന്നതാണ് ഇത്തവണ വലിയ അളവിൽ വില കൂടാത്തതിനുകാരണം. ബാബ് എൽ മൻഡേബ് കടലിടുക്കുവഴി ചെങ്കടലിലേക്ക് എണ്ണക്കപ്പലുകൾ തടസമില്ലാതെ എത്തുന്നുണ്ട്.

# ഇറ്റാലിയൻ ഫുട്ബോൾ ഇതിഹാസം ഫ്രാങ്കോ ബറേസി അന്തരിച്ചു

റോം: ഇറ്റാലിയൻ ഇതിഹാസ ഫുട്ബോൾ ഇതിഹാസം ഫ്രാങ്കോ ബറേസി (66) അന്തരിച്ചു. മിലാനിൽ വച്ചായിരുന്നു രോഗബാധിതനായി ചികിത്സയിലായിരുന്ന ബറേസിയുടെ അന്ത്യം.

ഒരൊറ്റ ക്ലബ്ബിന് വേണ്ടി മാത്രം പന്തുകളിച്ച 'വൺ ക്ലബ്ബ് മാൻ' വിശേഷണത്തിന് അർഹനായ താരമാണ് ബറേസി. 1977 മുതൽ 1997 വരെയുള്ള ദീർഘമായ 20 വർഷക്കാലം എസി മിലാന് വേണ്ടി മാത്രമാണ് ബറേസി കളത്തിലിറങ്ങിയത്.

കളിക്കളത്തിലെ അസാധാരണമായ ശാന്തതയും, കൃത്യതയാർന്ന ടാക്കിളുകളും, ലിബറോ പൊസിഷനിലെ തനതായ ശൈലിയും കൊണ്ട് പ്രതിരോധ മേഖലയിൽ വിപ്ലവം സൃഷ്ടിച്ച താരമാണ് ബറേസി. അർജൻറീനിയൻ ഫുട്ബോൾ ഇതിഹാസമായ ഡിയഗോ മറഡോണ പോലും താൻ നേരിട്ടതിൽ വച്ച് ഏറ്റവും ബുദ്ധിമുട്ടേറിയതും മികച്ചതുമായ ഡിഫൻഡർ എന്ന് വിശേഷിപ്പിച്ചത് ബറേസിയെയായിരുന്നു.

1982ൽ സ്പെയിനിൽ നടന്ന ലോകകപ്പ് നേടിയ ഇറ്റാലിയൻ ടീമിൽ അംഗമായിരുന്നു ബറേസി. 1994 ലെ യു.എസ്.എ ലോകകപ്പിൽ ഇറ്റലിയെ ഫൈനലിലേക്ക് നയിച്ചത് ക്യാപ്റ്റനായ ബറേസിയായിരുന്നു. ഇറ്റാലിയൻ ദേശീയ ടീമിനായി 81 അന്താരാഷ്ട്ര മത്സരങ്ങളിൽ പ്രതിരോധക്കോട്ട കാത്തു.

## തെരുവുനായ നിയന്ത്രണം; ദയാവധം ചെയ്യാമെന്ന സുപ്രീംകോടതി നിർദേശം നടപ്പാക്കാൻ കേരളം

തിരുവനന്തപുരം: തെരുവുനായ നിയന്ത്രണവുമായി ബന്ധപ്പെട്ട വിഷയത്തിൽ സുപ്രീംകോടതി നിർദേശം നടപ്പിലാക്കാൻ കേരളം. തെരുവുനായ്ക്കളെ ദയാവധം ചെയ്യാമെന്ന സുപ്രീം കോടതി നിർദേശമാണ് നടപ്പാക്കാനൊരുങ്ങുന്നത്.

അപകടകാരികളായ തെരുവ് നായ്ക്കളെ കൊല്ലാൻ തദ്ദേശ സ്ഥാപനങ്ങൾക്ക് അനുമതി നൽകി. പ്രാഥമിക പ്രോട്ടോക്കോൾ തയ്യാറാക്കി. തദ്ദേശ സ്ഥാപന അടിസ്ഥാനത്തിൽ പ്രത്യേക സമിതികൾ രൂപീകരിച്ചു.

Edited, Printed, Published & owned by Yesudas William,`Darpan', T.C 76/189 (1), Thoppil Lane, Anayara P.O, Thiruvananthapuram-29. Printed at Prabhatha Vartha Printers, TC. 21/1921, ERA-S-35, Elankam Lane, Nedumcadu. Karamana P.O,Tvpm-695002. e-mail: nauticaltimeskerala@gmail.com, Phone: 0471-2742840, 9446345353.

# ഫണ്ട് നഷ്ടപ്പെടില്ല, പിന്മാറാം; പിഎം ശ്രീയിൽ സർക്കാരിൻറെ വാദങ്ങളെല്ലാം പൊളിച്ചടുക്കി കേന്ദ്രം

ന്യൂഡൽഹി: പിഎം ശ്രീ പദ്ധതിയുമായി ബന്ധപ്പെട്ട് സംസ്ഥാന സർക്കാരിൻറെ വാദങ്ങൾ പൊളിച്ച് കേന്ദ്രം. പദ്ധതിയിൽനിന്ന് സംസ്ഥാനങ്ങൾക്ക് ഏത് സമയത്തും പിന്മാറുകയോ ഒപ്പിടാതിരിക്കുകയോ ചെയ്യാമെന്ന് കേന്ദ്ര വിദ്യാഭ്യാസ സഹമന്ത്രി ജയന്ത് ചൗധരി വ്യക്തമാക്കി. അബ്ദുൾ വഹാബ്, വി. ശിവദാസൻ എന്നീ എം.പിമാരുടെ ചോദ്യങ്ങൾക്ക് നൽകിയ മറുപടിയിലാണ് സംസ്ഥാന സർക്കാരിൻറെ വാദങ്ങളെല്ലാം കേന്ദ്രം പൊളിച്ചടുക്കിയത്.

പദ്ധതിയിൽ ഒപ്പുവെച്ചാൽ പിന്നീട് പിന്മാറാൻ കഴിയില്ലെന്നും ഫണ്ട് നഷ്ടപ്പെടുമെന്നുമായിരുന്നു സംസ്ഥാന സർക്കാരിൻറെ ഇതുവരെയുള്ള ന്യായീകരണം. എന്നാൽ ഫണ്ട് ഇതുവരെ കേരളത്തിന് അനുവദിച്ചിട്ടില്ലെന്നും എംഒയു ഒപ്പിട്ടിട്ടും സ്കൂളുകളുടെ പട്ടിക നൽകാത്തതിനാൽ കേരളത്തിൻറെ പേര് ഫണ്ട് ലഭിച്ച 35 സംസ്ഥാനങ്ങളുടെയും കേന്ദ്രഭരണ പ്രദേശങ്ങളുടെയും ലിസ്റ്റിൽ ഇല്ലെന്നും കേന്ദ്രം വ്യക്തമാക്കി.

മാത്രമല്ല പദ്ധതി നടപ്പിലാക്കിയാൽ സംസ്ഥാന പാഠ്യപദ്ധതിയിൽ മാറ്റമുണ്ടാകില്ലെന്ന കേരളത്തിൻറെ വാദവും കേന്ദ്രം തള്ളി. ദേശീയ വിദ്യാഭ്യാസ നയം 2020 പ്രകാരം കേന്ദ്ര സർക്കാർ നിർണയിക്കുന്ന ഘടന അനുസരിച്ചായിരിക്കും പാഠപുസ്തകങ്ങളും കാര്യങ്ങളും ഉൾപ്പെടുത്തേണ്ടിവരികയെന്നും കേന്ദ്രം ഔദ്യോഗികമായി അറിയിച്ചു. സർക്കാരിൻറെ അവകാശവാദങ്ങളെ പൂർണമായും ഖണ്ഡിക്കുന്നതാണ് കേന്ദ്രത്തിൻറെ പുതിയ മറുപടി.

അതേസമയം പിഎം ശ്രീ പദ്ധതിയിൽ ഇളവ് കിട്ടുമെന്ന പ്രതീക്ഷയിലാണ് കേരളം. സംസ്ഥാന സിലബസ് പഠിപ്പിക്കാൻ മറ്റ് ചില സംസ്ഥാനങ്ങൾക്ക് അനുമതി നൽകിയതിലാണ് കേരളം പ്രതീക്ഷ വെക്കുന്നത്. സ്കൂളുകളുടെ തെരഞ്ഞെടുപ്പിലും സംസ്ഥാന സർക്കാറിന് അനുവാദം കിട്ടുമെന്നാണ് കേരളം പ്രതീക്ഷ വെക്കുന്നത്.

പി എം ശ്രീ പദ്ധതി സംബന്ധിച്ച് ചർച്ച ചെയ്യാൻ മന്ത്രിസഭ ഉപ സമിതി അന്തിമ യോഗം ഉടൻ ചേരും.

# കൊച്ചിയിൽ വീണ്ടും ഓൺലൈൻ ടാക്സി സമരം

കൊച്ചി: വീണ്ടും സമരവുമായി കൊച്ചിയിലെ ഓൺലൈൻ ടാക്സി ഡ്രൈവർമാർ. ഇന്നു മുതൽ യൂബർ സർവീസുകൾ ബഹിഷ്കരിക്കും. നിരക്ക് വർധന ആവശ്യപ്പെട്ടുള്ള സമരത്തിന് പിന്നാലെ ഇന്നലെ ഡ്രൈവർമാരെ യൂബർ ഓഫീസിലേക്ക് ചർച്ചക്ക് വിളിച്ചിരുന്നു. എന്നാൽ ചർച്ചയ്ക്ക് എത്തിയപ്പോൾ ഓഫീസ് പൂട്ടിയ നിലയിലായിരുന്നു. ഇതിനെതിരെയാണ് പ്രതിഷേധം.

ജൂലൈ 21 മുതൽ ആരംഭിച്ച ഓൺലൈൻ ടാക്സി സമരം 25ന് ഭാഗികമായി പിൻവലിച്ചിരുന്നു. തങ്ങളുടെ പ്രധാന ആവശ്യങ്ങൾ അംഗീകരിക്കാൻ തയ്യാറായ കേരള സവാരി, റാപ്പിഡോ തുടങ്ങിയ കമ്പനികൾക്കായി ഡ്രൈവർമാർ സർവീസ് പുനരാരംഭിച്ചിരുന്നു. എന്നാൽ യൂബർ, ഒല കമ്പനികൾ ഡിമാൻഡുകൾ അംഗീകരിച്ചിരുന്നില്ല.

യൂബർ പ്രതിനിധികളുമായി ഡ്രൈവർമാർ ഓൺലൈനായി ചർച്ച നടത്തിയിരുന്നു. ചർച്ചയ്ക്കൊടുവിൽ നേരിട്ട് സംസാരിക്കാമെന്ന് യൂബർ പ്രതിധികൾ അറിയിച്ചിരുന്നു. എന്നാൽ ഡ്രൈവർമാർ എത്തിപ്പോൾ ഓഫീസുകൾ അടഞ്ഞു കിടക്കുകയായിരുന്നു. ഇതേ തുടർന്നാണ് ഇന്നു മുതൽ യൂബറിനെതിരെ ഓൺലൈൻ ടാക്സി ഡ്രൈവേഴ്സ് യൂണിയൻ സമരം പ്രഖ്യാപിച്ചത്.

11 ആവശ്യങ്ങൾ ഉന്നയിച്ചായിരുന്നു ഓൺലൈൻ ടാക്സി ഡ്രൈവർമാർ സമരം ആരംഭിച്ചത്. കമ്പനി കമ്മീഷൻ പിടിക്കുന്ന തുക, ഇന്ധന വിലയിലെ വർധനവിന് ആനുപാതികമായി നിരക്കിൽ വർധനവ് ഇല്ലാത്തത്, ബൈക്ക് ടാക്സിയുടെ നിരോധനം, തൊഴിൽ സുരക്ഷ ഉറപ്പുവരുത്തണം, മുൻകൂട്ടി നോട്ടീസ് നൽകാതെ ഡ്രൈവർമാരെ ബ്ലോക്ക് ചെയ്യുന്ന സ്ഥിതി ഒഴിവാക്കണം, ഡ്രൈവർമാരെ ബ്ലോക്ക് ചെയ്യുന്ന സ്ഥിതി ഒഴിവാക്കണം, ഇന്ധന വില വർധനവിനിടയിലും ടാക്സി നിരക്ക് കുറയ്ക്കൽ, ഏകീകൃത നിരക്ക് തുടങ്ങിയ ആവശ്യങ്ങളാണ് ടാക്സി ഡ്രൈവർമാർ മുന്നോട്ടു വെച്ചിരുന്നത്.

# യുഡിഎഫ് യോഗത്തിൽ പിഎംശ്രീ ചർച്ചയായിട്ടില്ല: പി.കെ. കുഞ്ഞാലിക്കുട്ടി

മലപ്പുറം: പി.എം ശ്രീ പദ്ധതിയുമായി മുന്നോട്ടു പോകാൻ യുഡിഎഫ് യോഗത്തിൽ യാതൊരു തീരുമാനവുമെടുത്തിട്ടില്ലെന്ന് മന്ത്രി പി.കെ. കുഞ്ഞാലിക്കുട്ടി. യുഡിഎഫ് കൺവീനർ അടൂർ പ്രകാശ് ഇന്നലെ നടത്തിയ പ്രസ്താവന അദ്ദേഹത്തിൻറെ സ്വന്തം ശൈലിയിൽ മറുപടി നൽകിയതാകാം. ഇതുമായി ബന്ധപ്പെട്ട് ഇപ്പോൾ പുറത്തുവരുന്ന വിവരങ്ങൾ നൂറുശതമാനം തെറ്റാണെന്നും മുന്നണിയിൽ അഭിപ്രായവ്യത്യാസമില്ലെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. വിഷയം മന്ത്രിസഭാ ഉപസമിതി ചർച്ച ചെയ്ത് തീരുമാനമെടുക്കുമെന്നും കുഞ്ഞാലിക്കുട്ടി വ്യക്തമാക്കി.

അതിനിടെ കേന്ദ്രത്തിൽ നിന്നുള്ള ഫണ്ട് ആരുടെയും ഔദാര്യമല്ലെന്നും അത് സംസ്ഥാനത്തിൻറെ അവകാശമാണെന്നുമുള്ള നിലപാടിലാണ് അടൂർ പ്രകാശ്. കഴിഞ്ഞ സർക്കാർ ഒപ്പിട്ട സാഹചര്യത്തിൽ പദ്ധതിയിൽ നിന്ന് ഇനി പിന്മാറാനാവില്ല.

കേന്ദ്ര ഫണ്ട് എവിടെയൊക്കെ വിനിയോഗിക്കണമെന്ന് സംസ്ഥാന സർക്കാറാണ് തീരുമാനിക്കേണ്ടതെന്നും അദ്ദേഹം വ്യക്തമാക്കിയിരുന്നു. ഉപസമിതിയുടെ റിപ്പോർട്ട് കൂടി വന്നശേഷമാകും ഏതെല്ലാം വിദ്യാഭ്യാസ സ്ഥാപനങ്ങളിലാണ് പദ്ധതി നടപ്പാക്കേണ്ടത് എന്നതിൽ അന്തിമ തീരുമാനമുണ്ടാകുക.

# പ്രിയദർശിനി പദ്ധതിക്കെതിരെ പ്രതിഷേധം; അങ്കമാലിയിൽ പുരുഷന്മാർക്ക് സൗജന്യ യാത്രയൊരുക്കി സ്വകാര്യ ബസ്

അങ്കമാലി: സർക്കാരിൻറെ വനിതാ സൗജന്യ യാത്രാ പദ്ധതിക്കെതിരെ വ്യത്യസ്തമായ പ്രതിഷേധവുമായി സ്വകാര്യ ബസ് ഉടമകൾ രംഗത്ത്. അങ്കമാലി കുരട്ടി റൂട്ടിൽ സർവീസ് നടത്തുന്ന 'ബെസ്റ്റ് വേ' എന്ന സ്വകാര്യ ബസാണ് വിദ്യാർഥികളും ഇതരസംസ്ഥാന തൊഴിലാളികളുമൊഴികെയുള്ള മുഴുവൻ പുരുഷന്മാർക്കും സൗജന്യ യാത്ര പ്രഖ്യാപിച്ച് പ്രതിഷേധിക്കുന്നത്. ഇതിൻറെ ഭാഗമായി അങ്കമാലി ടൗൺ ജംഗ്ഷനിൽ സ്വകാര്യ ബസ് ഉടമകളുടെ നേതൃത്വത്തിൽ പ്രത്യേക ധർണയും സംഘടിപ്പിച്ചിട്ടുണ്ട്.

കെഎസ്ആർടിസി ബസുകളിൽ സ്ത്രീകൾക്ക് സൗജന്യ യാത്ര അനുവദിക്കുന്ന 'പ്രിയദർശിനി' പദ്ധതി മൂലം അങ്കമാലി റൂട്ടിലെ സ്വകാര്യ ബസ് സർവീസുകൾ കടുത്ത പ്രതിസന്ധിയിലൂടെയാണ് കടന്നുപോകുന്നതെന്ന് ഉടമകൾ വ്യക്തമാക്കി. നിലവിലെ സാഹചര്യത്തിൽ ബസ് ജീവനക്കാർക്ക് കൂലി നൽകാൻ പോലുമുള്ള തുക ലഭിക്കുന്നില്ലെന്നും, ഡീസൽ അടിക്കാനുള്ള വരുമാനമില്ലാതെ സർവീസ് മുന്നോട്ട് കൊണ്ടുപോകാൻ കഴിയാത്ത അവസ്ഥയാണെന്നും അവർ ചൂണ്ടിക്കാണിച്ചു. ഈ പ്രതിസന്ധിക്കെതിരെ മറ്റ് ബസുകളുടെകൂടി പ്രതിനിധിയായാണ് 'ബെസ്റ്റ് വേ' ബസിൽ പുരുഷയാത്ര സൗജന്യമാക്കി ഉടമകൾ പ്രതിഷേധം തീർക്കുന്നത്.

# മുഖ്യമന്ത്രിക്ക് ക്ലീൻ ചിറ്റ്; നിയമപരമായി മുന്നോട്ടു പോകുമെന്ന് സിപിഎം ജില്ലാ സെക്രട്ടറി

കൊച്ചി: പുനർജനി പദ്ധതിയിൽ മുഖ്യമന്ത്രി വി.ഡി.സതീശന് ക്ലീൻ ചിറ്റ് നൽകിയത് അധികാര ദുർവിനിയോഗമാണെന്ന് സിപിഎം എറണാകുളം ജില്ലാ സെക്രട്ടറി എസ്. സതീഷ്. പുനർജനി കേസിൽ അസാധാരണ പ്രഖ്യാപനമാണ് നടന്നത്. സ്വന്തം മന്ത്രിസഭയിലെ മന്ത്രിയെ കൊണ്ട് മുഖ്യമന്ത്രി ക്ലീൻ ചിറ്റ് നേടിയിരിക്കുകയാണ്. കേരളത്തിൽ ഇത്തരം ഒരു മുൻചരിത്രം ഇല്ലെന്നും സതീഷ് വാർത്താ സമ്മേളനത്തിൽ പറഞ്ഞു.

ആഭ്യന്തര മന്ത്രി വിജിലൻസ് വിസിൽ എന്ന ഒരു പദ്ധതി പ്രഖ്യാപിച്ച് അഴിമതി വിമുക്തമായ കേരളത്തെ നിർമ്മിച്ചെടുക്കുക എന്നതാണ് ഉദ്ദേശ്യമെന്ന് പറഞ്ഞിരുന്നു. പദ്ധതിയുടെ പ്രഖ്യാപനം നടത്തി പിറ്റേ ദിവസം അതേ ആഭ്യന്തര വകുപ്പ് മന്ത്രി 2018ലെ പ്രളയത്തെ തുടർന്ന് പറവൂർ കേന്ദ്രീകരിച്ചുണ്ടായിരുന്ന പുനർജനി തട്ടിപ്പുമായി ബന്ധപ്പെട്ട കേസിൽ മുഖ്യമന്ത്രി വി.ഡി. സതീശിന് ക്ലീൻ ചീറ്റ് നൽകുന്നു എന്ന പ്രഖ്യാപനമാണ് നടത്തിയത്.

കേരളത്തിൻറെ ചരിത്രത്തിൽ ഒരു മുഖ്യമന്ത്രി തനിക്കെതിരെ ഉയർന്നുവന്ന ആരോപണത്തെ സംബന്ധിച്ച് തൻറെ തന്നെ മന്ത്രിസഭയിലെ മറ്റൊരു മന്ത്രിയെ കൊണ്ട് ക്ലീൻ ചീറ്റ് നൽകിയതായി പ്രഖ്യാപിച്ച ചരിത്രം ഈ കേരളത്തിൽ ഇല്ല. പല മുഖ്യമന്ത്രിമാർക്കും ഭരണാധികാരികൾക്കുമെതിരേ നേരത്തേ കേസുകൾ ഉണ്ടായിട്ടുണ്ട്. കെ കരുണാകരൻ മുതൽ ഉമ്മൻചാണ്ടി ഉൾപ്പെടെയുള്ള മുഖ്യമന്ത്രിമാർ ബന്ധപ്പെട്ട ഏജൻസികൾ പരിശോധിക്കട്ടെ, കോടതി അതിനകത്ത് ഒരു ഉത്തരം പറയട്ടെ എന്ന സമീപനമാണ് സ്വീകരിച്ചത്.

എന്നാൽ 70 ദിവസം മാത്രം പ്രായമുള്ള കേരളത്തിലെ വി.ഡി. സതീശൻ സർക്കാർ സ്വന്തം മന്ത്രിസഭയിലെ മന്ത്രിയെ കൊണ്ട് തനിക്ക് നേരെയുള്ള കേസിന് ക്ലീൻ ചീറ്റ് നൽകിയതായി കേരളത്തോട് പ്രഖ്യാപിച്ചിരിക്കുന്ന അസാധാരണമായ ഒരു സാഹചര്യമാണ് ഇവിടെ ഉണ്ടായിട്ടുള്ളത്. ഇതാണ് അധികാര ദുർവിനിയോഗം എന്നതുകൊണ്ട് കാണാൻ കഴിയുന്നത്.

2018ലെ പ്രളയത്തെ തുടർന്ന് പറവൂരിൽ ദുരിതബാധിതരെ സഹായിക്കാൻ എന്ന നിലയിൽ അന്ന് എംഎൽഎ ആയിരുന്ന ഇന്നത്തെ മുഖ്യമന്ത്രി വി.ഡി. സതീശൻറെ നേതൃത്വത്തിൽ പുനർജനി പോലുള്ള പദ്ധതികൾ പ്രഖ്യാപിക്കുന്നു. എഫ്സിആർഎയുടെ നിയമലംഘനം ഉണ്ടായിരിക്കുന്നു എന്ന ഗൗരവപ്പെട്ട ആരോപണമാണ് ഉയർന്നുവന്നത്.

വിജിലൻസിൻറെ പരിശോധനയുടെ പരിധിക്കകത്ത് മാത്രം നിൽക്കുന്ന ഒരു കേസ് അല്ല ഇത്. അങ്ങനെയുള്ള ഒരു കേസിനകത്താണ് അധികാരത്തിൽ വന്ന 70 ദിവസം കൊണ്ട് വിജിലൻസിൻറെ മുൻ റിപ്പോർട്ടിനെ മാറ്റിക്കൊണ്ട് ഇപ്പോൾ ക്ലീൻ ചീറ്റ് കൊടുത്തതായി ആഭ്യന്തര മന്ത്രി പ്രഖ്യാപിക്കുന്നത്. എന്തോ ഒളിക്കാനുണ്ട് എന്നുള്ളത് വ്യക്തമാണ്.എത്ര രൂപ വിദേശ രാജ്യങ്ങളിൽ നിന്നും സമാഹരിച്ചു സമാഹരിച്ച തുക മുഴുവൻ കേരളത്തിൽ എത്തിച്ചേർന്നിട്ടുണ്ടോ എത്തിയ തുക എന്തെല്ലാം കാര്യങ്ങളാണ് ചെലവഴിച്ചത് തുടങ്ങിയ കാര്യങ്ങൾക്ക് വ്യക്തത വേണം. 219 വീടുകൾ നിർമ്മിച്ചു നൽകി എന്നുള്ളതാണ് കോൺഗ്രസുകാർ തന്നെ അവകാശപ്പെട്ടിരുന്നത്. എന്നാൽ പുറത്തുവന്ന വിവരം അനുസരിച്ച് ആകെ 19 വീടുകളാണ് നിർമ്മിച്ചിട്ടുള്ളത്. അതാകട്ടെ വിവിധ ഏജൻസികൾ വഴി നിർമ്മിച്ച വീടുകളാണ്.

അതങ്ങനെ തേച്ചുമാച്ചു കളയുന്ന ഒരു സമീപനം സ്വീകരിക്കപ്പെടാവുന്നത് അംഗീകരിക്കപ്പെടാൻ കഴിയുന്നതല്ല. അതിനെ നിയമപരമായി നേരിടേണ്ടതിന് ആവശ്യമായ സമീപനങ്ങൾ സ്വീകരിക്കും. ഒപ്പം തന്നെ തട്ടിപ്പ് വശങ്ങളെ സംബന്ധിച്ച് ജനങ്ങളോട് തുറന്നു പറയുന്ന പ്രവർത്തനങ്ങൾ തങ്ങൾ തുടർന്ന് മുമ്പോട്ട് കൊണ്ടുപോകുമെന്നും സതീഷ് വ്യക്തമാക്കി.

# കുമ്പളം ടോൾ പ്ലാസയ്ക്കടുത്ത് ലോറിയിൽ വാനിടിച്ച് യുവാവിന് ദാരുണാന്ത്യം

കൊച്ചി: ദേശീയ പാതയിൽ കുമ്പളം ടോൾ പ്ലാസയ്ക്ക് സമീപം അനധികൃതമായി നിർത്തിയിട്ട ലോറിയിൽ വാൻ ഇടിച്ച് യുവാവിന് ദാരുണാന്ത്യം. നിർത്തിയിട്ട ലോറിക്ക് പിന്നിൽ പുലർച്ചെ മൂന്നോടെ മീൻ കയറ്റിയ വാൻ ഇടിച്ചു കയറുകയായിരുന്നു. മീൻ വണ്ടിയിലുണ്ടായിരുന്ന ആലപ്പുഴ പുന്നപ്ര പള്ളിവെളി അബൂബക്കറിൻറെ മകൻ ഷെഫീഖ് (42) ആണ് മരിച്ചത്.

വാഹനം വെട്ടിപ്പൊളിച്ചാണ് ഇയാളെ പുറത്തെടുത്തത്. അപകട സ്ഥലത്ത് വെച്ച് തന്നെ ഇയാൾ മരിച്ചതായാണ് വിവരം. വാഹനത്തിൽ കൂടെയുണ്ടായിരുന്ന പരുക്കേറ്റ ഒരാളെ ആശുപത്രിയിൽ പ്രവേശിപ്പിച്ചു. ഷെഫീഖിൻറെ മൃതദേഹം എറണാകുളം ജനറൽ ആശുപത്രി മോർച്ചറിയിൽ. മാതാവ്: ആരിഫ. ഭാര്യ: സൂരിജ. മക്കൾ: അൽഫിയ, ആദില, ആസിഫ്.

ഇതേ സ്ഥലത്ത് വ്യാഴാഴ്ച വൈകുന്നേരം 4.45 ഓടെയുണ്ടായ അപകടത്തിൽ കളമശേരിയിലെ സ്വകാര്യ ക്ലീനിംഗ് സ്ഥാപനത്തിലെ ജീവനക്കാർക്ക് ഗുരുതരമായി പരിക്കേറ്റിരുന്നു. കാർ നിർത്തിയിട്ടിരുന്ന ലോറിയിൽ ഇടിച്ചായിരുന്നു അപകടം.

കാറോടിച്ചിരുന്ന തൃശൂർ വയലത്തൂർ കാളിയത്ത് വീട്ടിൽ മുഹമ്മദ് നിസാം (24), അന്യസംസ്ഥാന തൊഴിലാളികളായ സൻജിബ് ഹർദിക് (30), നബാസ് സൗൾ (30), റാസ് (30) എന്നിവർക്കാണ് പരിക്കേറ്റത്. ഇതിൽ നബാസ് സൗളിന്റെ നില ഗുരുതരമാണ്. ഇവർ നെട്ടൂരിലെ സ്വകാര്യ ആശുപത്രിയിൽ ചികിത്സയിലാണ്.

പാർക്കിംഗ് നിരോധനമുള്ള കുമ്പളം ടോൾ പ്ലാസയ്ക്ക് സമീപം കണ്ടെയ്നർ ലോറിയുൾപ്പെടെയുള്ള വാഹനങ്ങൾ നിർത്തിയിടുന്നത് പതിവ് കാഴ്ചയാണ്. ഇതിന് മുമ്പും ഈ ഭാഗത്ത് നിർത്തിയിട്ടിരുന്ന ലോറിയിലിടിച്ച് നിരവധി അപകടങ്ങൾ ഉണ്ടായിട്ടുണ്ട്. ഒരു യുവതിയുൾപ്പെടെ ഒന്നിലധികമാളുകൾക്ക് ജീവഹാനിയുമുണ്ടായിട്ടുണ്ട്.

# തട്ടിക്കൊണ്ടു പോകൽ കേസിൽ ട്വിസ്റ്റ്; യുവാവ് എംഡിഎംഎയുമായി പിടിയിൽ

കൊച്ചി: മരടിൽ നിന്നും യുവാവിനെ തട്ടിക്കൊണ്ടു പോയി എന്ന കേസിൽ ടിസ്റ്റ്. തട്ടിക്കൊണ്ടുപോയി എന്ന് പറയപ്പെട്ട യുവാവിനെ നാലര ഗ്രാം എംഡിഎംഎയുമായി ഡാൻസാഫ് ഇന്ന് രാവിലെ പിടികൂടി. റിജോ എന്ന യുവാവിനെയും ഒപ്പമുണ്ടായ മൂന്നു പേരെയും പോലീസ് കസ്റ്റഡിയിൽ എടുത്തു. ബുധനാഴ്ച രാത്രിയായിരുന്നു ഓൺലൈൻ ഭക്ഷണം വിതരണം ചെയ്യുന്ന യുവാവ്, നാലു പേർ ചേർന്ന് ഒരാളെ തട്ടിക്കൊണ്ടു പോവുന്നത് കണ്ടത്. സംഭവം മരട് സ്റ്റേഷനിലെ തന്റെ സുഹൃത്തിനെ അറിയിക്കുകയും പോലീസ് ഉടൻ സ്ഥലത്തെത്തി അന്വേഷണം ആരംഭിക്കുകയും ചെയ്തു.

സിസിടിവി ക്യാമറകൾ പരിശോധിച്ചതിൽ നിന്നു സംഭവം ശരിയാണെന്നു കണ്ടെത്തി. 4 യുവാക്കൾ ചേർന്ന് മറ്റൊരു യുവാവിനെ വെളുത്ത കാറിൽ ബലം പ്രയോഗിച്ചു കയറ്റിക്കൊണ്ടു പോവുകയായിരുന്നു.

മരട് പോലീസ് കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തുന്നതിനിടെയാണ് റിജോ ഉൾപ്പെടെ നാലു പേരെ പാലാരിവട്ടം പോലീസ് ലഹരിയുമായി പിടികൂടിയത്. യുവാൾക്കൊപ്പം രണ്ടു സ്ത്രീകളുമുണ്ടെന്നാണ് വിവരം. റിജോ മുമ്പും ലഹരിക്കേസിലെ പ്രതിയാണ്.

# ബിജെപിക്ക് തിരിച്ചടി; ഷെഹ്സാദ് പൂനെവാല പാർട്ടിവിട്ടു

ന്യൂഡൽഹി: ബിജെപിയുടെ ടിവി ചാനൽ ചർച്ചകളിലെ ഏറ്റവും സജീവമായ മുഖവും പാർട്ടി വക്താവുമായ ഷെഹ്സാദ് പൂനെവാല പാർട്ടി വിട്ടു. വ്യാഴാഴ്ച തൻറെ എക്സ് ഹാൻഡിലിലെ ബയോ മാറ്റിയ അദ്ദേഹം, 'ബിജെപി ദേശീയ വക്താവ്' എന്നത് ഒഴിവാക്കുകയും എന്നാൽ 'പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ ആജീവനാന്ത അനുയായി' എന്നത് നിലനിർത്തുകയും ചെയ്തു. 'മതം: ഇസ്ലാം, സംസ്കാരം: ഹിന്ദു, പ്രത്യയശാസ്ത്രം: ഭാരതീയർ, ഗ്രന്ഥകർത്താവ്: ജിഎസ്ടി കി യാത്ര; പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ ആജീവനാന്ത അനുയായി' എന്നാണ് പൂനെവാല തൻറെ പുതിയ ബയോയിൽ വ്യക്തമാക്കിയിരിക്കുന്നത്.

വ്യക്തിപരമായ കാരണങ്ങളാലാണ് ഷെഹ്സാദ് രാജിവച്ചതെന്നാണ് സൂചന. അഭിഭാഷകനായ ഷെഹ്സാദ് പൂനെവാല കോൺഗ്രസിലൂടെയാണ് രാഷ്ട്രീയ യാത്ര ആരംഭിച്ചത്. എന്നാൽ 2017ൽ പാർട്ടി നേതൃത്വവുമായുണ്ടായ അഭിപ്രായ വ്യത്യാസത്തെ തുടർന്ന് 2017ൽ കോൺഗ്രസ് വിട്ടു.

തുടർന്ന് ബിജെപിയിൽ ചേരുകയും പാർട്ടിയുടെ ദേശീയ വക്താവായി നിയമിക്കപ്പെടുകയും ചെയ്തു. സജീവ രാഷ്ട്രീയത്തിൽ നിന്ന് പിന്മാറേണ്ട സമയമായെന്ന് വ്യക്തമാക്കി ഒരു ടിവി ചാനലിന് നൽകിയ മുൻ അഭിമുഖത്തിലെ ക്ലിപ്പ് പൂനെവാല അടുത്തിടെ പങ്കുവച്ചിരുന്നു.

പ്രമുഖ രാഷ്ട്രീയ നിരീക്ഷകനായ തെഹ്സീൻ പൂനെവാലയുടെ ഇളയ സഹോദരനാണ് ഷെഹ്സാദ് പൂനെവാല. ഷെഹ്സാദ് കോൺഗ്രസ് വിട്ട് ടിവി ചർച്ചകളിൽ പാർട്ടിയെയും നേതൃത്വത്തെയും ആക്രമിക്കാൻ തുടങ്ങിയതോടെ ഈ സഹോദരന്മാർ തമ്മിൽ പരസ്യമായി അഭിപ്രായവ്യത്യാസങ്ങൾ ഉണ്ടായിരുന്നു.

കോൺഗ്രസ് അനുകൂലിയായും പ്രധാനമന്ത്രി നരേന്ദ്ര മോദി സർക്കാരിൻറെ വിമർശകനായും തെഹ്സീൻ പൂനെവാല പതിവായി ടിവി ചർച്ചകളിൽ പങ്കെടുക്കാറുണ്ട്.

രാഷ്ട്രീയമായി എതിർചേരിയിലുള്ള ഇരുവരും പലപ്പോഴും വാർത്താ ചാനലുകളിലെ ലൈവ് ചർച്ചകളിൽ മുഖാമുഖം വരികയും പരസ്പരം പരിഹാസങ്ങളും രാഷ്ട്രീയ വിമർശനങ്ങളും ഉന്നയിക്കുകയും ചെയ്യാറുണ്ട്.

രാജിക്ക് പിന്നിലെ കാരണങ്ങളെക്കുറിച്ച് ബിജെപിയുടെയോ പൂനെവാലയുടെയോ ഭാഗത്തുനിന്ന് ഔദ്യോഗിക സ്ഥിരീകരണമൊന്നുമില്ല. ഔദ്യോഗിക പ്രസ്താവന ഉടൻ ഉണ്ടാകുമെന്നാണ് പ്രതീക്ഷിക്കുന്നത്.

# അസിസ്റ്റൻറ് പ്രൊഫസറെ കുത്തിക്കൊലപ്പെടുത്താൻ ശ്രമിച്ച പിതാവ് അറസ്റ്റിൽ

ബംഗളൂരു: കർണാടകയിലെ രാജനുകുണ്ടെയിൽ കോളേജിൽ വച്ച് അസിസ്റ്റൻറ് പ്രൊഫസറെ കുത്തിക്കൊലപ്പെടുത്താൻ ശ്രമിച്ച പിതാവ് അറസ്റ്റിൽ. ടാക്സി ഡ്രൈവർ നാഗേന്ദ്ര (54) ആണ് മകൾ ലക്ഷ്മി ദുർഗയെ കുത്തി പരിക്കേൽപ്പിച്ചത്. മകളെ കാണണമെന്ന് ആവശ്യപ്പെട്ട് കോളേജിലെത്തിയ നാഗേന്ദ്ര, ലക്ഷ്മി ദുർഗയെത്തിച്ചേർന്ന ഉടൻ കൈവശം കരുതിയിരുന്ന കത്തിയുപയോഗിച്ച് ആക്രമിക്കുകയായിരുന്നു. വയറിനും നെഞ്ചിനും കഴുത്തിനും ഗുരുതരമായി പരിക്കേറ്റ ലക്ഷ്മിയെ ഉടൻ തന്നെ ആശുപത്രിയിൽ പ്രവേശിപ്പിച്ചു. സംഭവസ്ഥലത്തുനിന്ന് രക്ഷപ്പെട്ട പ്രതിയെ പിന്നീട് പോലീസ് പിടികൂടുകയായിരുന്നു. ലക്ഷ്മിയുടെ വിവാഹത്തെയും സാമ്പത്തിക കാര്യങ്ങളെയും ചൊല്ലി കുടുംബത്തിൽ നിലനിന്നിരുന്ന തർക്കങ്ങളാണ് ക്രൂരകൃത്യത്തിൽ കലാശിച്ചതെന്ന് പോലീസ് വ്യക്തമാക്കി. ലക്ഷ്മി ദുർഗയുടെ വിവാഹത്തിനായി വരൻറെ കുടുംബം തയാറായെങ്കിലും, മകളുടെ പഠനച്ചെലവുകൾ ചൂണ്ടിക്കാട്ടി നാഗേന്ദ്ര 40 ലക്ഷം രൂപ ആവശ്യപ്പെട്ടിരുന്നു. കൂടാതെ, വിവാഹശേഷവും മകളുടെ പ്രതിമാസ ശമ്പളം തനിക്ക് തന്നെ നൽകണമെന്ന് ഇയാൾ നിർബന്ധം പിടിച്ചു. ലക്ഷ്മി ദുർഗയും അമ്മയും എതിർത്തിരുന്നു. ഇതേ തുടർന്ന് വീട്ടിൽ പതിവായി വഴക്കുകൾ നടന്നിരുന്നുവെന്നും ഇത് കുടുംബബന്ധത്തിൽ വിള്ളൽ വീഴ്ത്തിയെന്നും പോലീസ് പറഞ്ഞു. സംഭവത്തിൽ പോലീസ് കേസെടുത്ത് പ്രതിയെ അറസ്റ്റ് ചെയ്തതായും സംഭവവുമായി ബന്ധപ്പെട്ട് കൂടുതൽ അന്വേഷണം പുരോഗമിക്കുകയാണെന്നും പോലീസ് അറിയിച്ചു.

# ഒന്നാംഘട്ട അലോട്ട്മെന്റ് പ്രസിദ്ധീകരിച്ചു

സർക്കാർ മെഡിക്കൽ കോളേജിലും, സ്വാശ്രയ കോളേജുകളിലും നടത്തുന്ന എം.എസ്.സി. കോഴ്സിന് അപേക്ഷിച്ചവരുടെ പ്രവേശനത്തിനുള്ള ഒന്നാംഘട്ട അലോട്ട്മെന്റ് www.lbscentre.kerala.gov.in ൽ പ്രസിദ്ധീകരിച്ചു. അലോട്ട്മെന്റ് ലഭിച്ചവർ വെബ്സൈറ്റിൽ നിന്നും പ്രിന്റ് എടുത്ത ഫീ പെയ്മെന്റ് സ്ലിപ്പ് ഉപയോഗിച്ച് ടോക്കൺ ഫീ ആഗസ്റ്റ് 4 നകം ഒടുക്കണം. ടോക്കൺ ഫീ ഒടുക്കാത്തവർക്ക് അലോട്ട്മെന്റ് നഷ്ടപ്പെടും. രണ്ടാംഘട്ട അലോട്ട്മെന്റിലേക്കുള്ള ഓപ്ഷൻ പുനഃക്രമീകരണം ആഗസ്റ്റ് 3 വരെ. പ്രവേശനത്തിനുള്ള തീയതി പിന്നീട് അറിയിക്കും. കൂടുതൽ വിവരങ്ങൾക്ക്: 0471-2560361, 362, 363, www.lbscentre.kerala.gov.in

# മാർക്ക് കുറഞ്ഞതിൻെറ പേരിൽ അധ്യാപികയുടെ മാനസികപീഡനം; പ്ലസ്ടു വിദ്യാർഥി ജീവനൊടുക്കി

ഹൈദരാബാദ്: തെലുങ്കാനയിലെ ജോഗുലാംബ ഗദ്വാളിൽ അധ്യാപികയുടെ മാനസികപീഡനത്തെയും അവഹേളനത്തെയും തുടർന്ന് 17 വയസുകാരൻ ജീവനൊടുക്കി. സർക്കാർ ജൂനിയർ കോളജിലെ പ്ലസ്ടു വിദ്യാർഥിയാണ് മരിച്ചത്. ഒന്നാം വർഷ ഇൻറർമീഡിയറ്റ് പരീക്ഷയിൽ 440ൽ 434 മാർക്ക് നേടി ഈ വിദ്യാർഥി ജില്ലയിൽ രണ്ടാം സ്ഥാനം നേടിയിരുന്നു. ഒരു മാർക്ക് കൂടുതൽ നേടിയ മറ്റൊരു വിദ്യാർഥിയുമായി ക്ലാസിൽ വച്ച് അധ്യാപിക ഈ കുട്ടിയെ താരതമ്യം ചെയ്തു. ഇതിനെ വിദ്യാർഥി ചോദ്യം ചെയ്തപ്പോൾ എല്ലാവരുടെയും മുന്നിൽ വച്ച് അപമാനിക്കുകയും കവിളത്തടിക്കുകയും ചെയ്തുവെന്നാണ് കുടുംബത്തിൻറെ പരാതി. ഈ സംഭവത്തിന് ശേഷം രണ്ട് ദിവസത്തോളം കുട്ടി സ്കൂളിൽ പോയിരുന്നില്ല. തുടർന്ന് ചൊവ്വാഴ്ച വീട്ടിനുള്ളിൽ തൂങ്ങിമരിച്ച നിലയിൽ കണ്ടെത്തുകയായിരുന്നു. സംഭവസ്ഥലത്തുനിന്ന് ആത്മഹത്യാക്കുറിപ്പ് പോലീസ് കണ്ടെടുത്തു. അധ്യാപികയിൽ നിന്നുണ്ടായ അപമാനമാണ് തീരുമാനത്തിന് കാരണമെന്നും, വിദ്യാർഥികളെ അപമാനിക്കുന്നതിന് പകരം പ്രോത്സാഹിപ്പിക്കാൻ അധ്യാപകർ തയാറാകണമെന്നും കുറിപ്പിൽ പറയുന്നുണ്ട്. അധ്യാപികയ്ക്കെതിരെ ആത്മഹത്യാ പ്രേരണാക്കുറ്റത്തിന് പോലീസ് കേസെടുത്തു.

# വർഗീയസംഘർഷം; നേപ്പാളിൽ കുടുതൽ ഇടങ്ങളിൽ കർഫ്യൂ

കാഠ്മണ്ഡു: ക്രമസമാധാന നില വഷളായതിനെതുടർന്നു നേപ്പാളിലെ മാധേശ് പ്രവിശ്യയുടെ വിവിധഭാഗങ്ങളിൽ കർഫ്യൂ ഏർപ്പെടുത്തി. ഇന്ത്യയോട് അതിർത്തി പങ്കിടുന്ന കോശിയിലെ സുൻസരി ജില്ലയിലുണ്ടായ വർഗീയസംഘർഷങ്ങളുടെ പശ്ചാത്തലത്തിലാണു നടപടി. സംഘർഷത്തിൽ ഒരാൾ കൊല്ലപ്പെടുകയും നിരവധിപേർക്ക് പരിക്കേൽക്കുകയും ചെയ്തിരുന്നു. സ്ഥിതിഗതികൾ കൂടുതൽ വഷളാകാതിരിക്കാൻ മധേഷ് പ്രവിശ്യയിലെ ധനുഷ, സിരഹ എന്നീ ജില്ലകളിലാണ് അധികൃതർ കർഫ്യൂ ഏർപ്പെടുത്തിയത്. സംഘർഷസാധ്യത കണക്കിലെടുത്ത് പ്രദേശത്ത് വൻതോതിൽ സുരക്ഷാസേനയെ വിന്യസിച്ചിട്ടുണ്ട്. കഴിഞ്ഞ ഞായറാഴ്ച സുൻസരിയിലെ കാപ്തൻഗഞ്ച് മേഖലയിൽ രണ്ട് സമുദായങ്ങളുടെ ആഘോഷങ്ങൾക്കിടയിലുണ്ടായ തർക്കമാണ് ആക്രമണത്തിൽ കലാശിച്ചത്. അക്രമിസംഘങ്ങളെ പിരിച്ചുവിടാൻ പോലീസ് നടത്തിയ വെടിവയ്പിനിടെയാണ് ഒരാൾ കൊല്ലപ്പെടുകയും സുരക്ഷാ ഉദ്യോഗസ്ഥരടക്കം 12 പേർക്ക് പരിക്കേൽക്കുകയും ചെയ്തത്.